VOL NO: 04 | ISSUE 15
www.nerpatham.com
mail@nerpatham.com

2020 APRIL 18 | ₹12

# നേർപഥം

വാരിക

# കോവിഡ് വ്യാപനം: ഉത്തരവാദിത്തം ആർക്ക് ?

കോവിഡിന്റെ പ്രഭവകേന്ദ്രം ചൈനയാണെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. അതേസമയം അതിന്റെ സാമൂഹ്യവ്യാപനവുമായി ബന്ധപ്പെട്ട് ഓരോ രാജ്യങ്ങളിലും വ്യത്യസ്ത അഭിപ്രായങ്ങളും ആക്ഷേപങ്ങളും നിലനിൽക്കുന്നുണ്ട്. രോഗപ്രതിരോധത്തിന്റെ ആദ്യ ഘട്ടത്തിൽ ഇന്ത്യ ഒരു പരിധി വരെ വിജയിച്ചു എന്നു വേണം മനസ്സിലാക്കാൻ. എന്നാൽ വർഗീയതയുടെ വിളനിലമായ സമകാലിക സാഹചര്യത്തിൽ കോവിഡിന്റെ മതം ചികയുന്ന തിരക്കിലാണ് ചില തൽപരകക്ഷികൾ. ഇന്ത്യയിലെ കോവിഡ് വ്യാപനം ചർച്ച ചെയ്യുമ്പോൾ ആരെയാണ് യഥാർഥത്തിൽ പ്രതിസ്ഥാനത്ത് നിർത്തേണ്ടത്?



**ചതിക്കപ്പെടുന്ന നിഷ്കളങ്കർ**
**കൊറോണ വൈറസ്: ഒരെത്തിനോട്ടം**
**പ്രയാസഘട്ടത്തിൽ ശ്രദ്ധിക്കേണ്ട അടിസ്ഥാന ആറ് കാര്യങ്ങൾ**

## കർണാടകയുടെ കടുംപിടിത്തം

ലോക്ക് ഡൗണിന്റെ പേരിൽ കേരളത്തിലേക്കുള്ള പാതകൾ അടച്ചുപൂട്ടിയ കർണാടകയുടെ നിലപാട് വലിയ വിവാദത്തിന് വഴിവച്ചിട്ടുണ്ട്. ലോക്ക് ഡൗൺ മനുഷ്യത്വത്തിന്റെ ഭാഗമാണ്, അതിന്റെ പേരിൽ മനുഷ്യത്വവിരുദ്ധമായി പ്രവർത്തിക്കുന്നതിനെ ഏത് കാരണം കൊണ്ടായാലും ന്യായീകരിക്കുവാൻ കഴിയില്ല.

## രജിസ്ട്രേഷൻ ആരംഭിച്ചു

جامعة الهند الإسلامية

School Of Qur'an

### "നന്മയുടെ വഴിയിൽ നാളേക്ക് വേണ്ടി"

# സ്കൂൾ ഓഫ് ഖുർആൻ



ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!

ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്ന വിദ്യാർഥികൾക്ക് പ്രവേശം

അപേക്ഷകർ, QR കോഡ് സ്കാൻ ചെയ്തോ, www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്നോ ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

## സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഓഡിയോ - വിഷ്വൽ ക്ലാസ് റൂമുകൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്‌വെയറുകൾ
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ, നിരന്തര - കേന്ദ്രീകൃത മൂല്യനിർണയം

കാസറഗോഡ്: 8089192273 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931
വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9946274831
തിരൂർ: 9633099992 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9048869220 | ആറ്റിങ്ങൽ: 9497714521
പരപ്പനങ്ങാടി: 9544924596 | എടത്തനാട്ടുകര: 9495467259 | തോട്ടശ്ശേരിയറ: 8606600555
കൊല്ലം: 9447041468 | കോയമ്പത്തൂർ: 9080475224 | ആലപ്പുഴ: 9895629378
കൊടുവായൂർ: 9746293949 | കൊല്ലായിൽ: 9946940906 | എടക്കര: 6235446007 | കോട്ടയം: 9447827232

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus | Mini Ootty | Oorakam
Malappuram | Kerala | PIN 676519 | www.schoolofquran.in | info@schoolofquran.in

0170 / 2020 ഏപ്രിൽ 18 / 1441 ശഅബാൻ 25
പുസ്തകം 04 / ലക്കം 22

നേർപഥം
വാരിക



# കോവിഡ് വ്യാപനം: ഉത്തരവാദിത്തം ആർക്ക്?

സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**
കർണാടകയുടെ കടുംപിടിത്തം / 05

**വിവർത്തനം**
പ്രയാസഘട്ടത്തിൽ ശ്രദ്ധിക്കേണ്ട അടിസ്ഥാന ആറ് കാര്യങ്ങൾ / 06
സ്വാലിഹ് ഇബ്നു അബ്ദുല്ലാഹ് ഇബ്നുഹംദ് അൽ ഉസൈമി
വിവർത്തനം: യാസിർ അൽഹികമി

**ലേഖനം**
കൊറോണ വൈറസ്: ഒരെത്തിനോട്ടം / 16
ഡോ.യാസിർ

സൗമ്യത / 26
അബ്ദുൽ ജബ്ബാർ മദീനി

ഇസ്‌ലാം നന്മയാണ് / 28
നബീൽ പയ്യോളി

**കാഴ്ച**
ചതിക്കപ്പെടുന്ന നിഷ്കളങ്കർ / 19
ഇബ്നു അലി എടത്തനാട്ടുകര

**അഭിമുഖം**
ഫാഷിസം, ജനാധിപത്യം, മതനിരപേക്ഷത / 21
കെ.ഇ.എൻ കുഞ്ഞഹമ്മദ് / ഡോ. സി. മുഹമ്മദ് റാഫി

**കവിത**
നേരമായി / 25
കനിയൂ റഹീമേ... / 25
വി.ടി അബ്ദുസ്സലാം

**ഗാനം**
ഒരു 'കോവിഡ് 19' രോഗിയുടെ സങ്കടങ്ങൾ / 34
ഉസ്മാൻ പാലക്കാഴി

**അറിയിപ്പ്: കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ പ്രസ്സ് പ്രവർത്തിക്കാത്തതിനാൽ ഈ ലക്കം ഓൺലൈനായി പുറത്തിറക്കുകയാണ്. മാന്യവായനക്കാർ സഹകരിക്കുമല്ലോ.**

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# എം.പി.മാരുടെ പ്രാദേശിക വികസനഫണ്ട് തടയുന്നത് ദൗർഭാഗ്യകരം: വിസ്ഡം യൂത്ത്

മലപ്പുറം: കോവിഡ് 19ന്റ വ്യാപനം തടയുന്നതിന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ലോക് ഡൗൺ സാഹചര്യത്തിൽ പൊതുസഹായങ്ങൾ അനിവാര്യമാകുമ്പോൾ ആശ്വാസമാകേണ്ട എംപിമാരുടെ പ്രാദേശിക വികസനഫണ്ട് നിർത്തിവെച്ചത് അങ്ങേയറ്റം ദൗർഭാഗ്യകരവും പ്രതിഷേധാർഹവുമാണെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു.

രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ ആശങ്കയുണ്ടായതിനെ സ്ഥിരീകരിക്കുന്ന നടപടിയാണിത്. ലോകസഭാ മണ്ഡലങ്ങളിലെ 'കോവിഡ്19' പ്രതിരോധ പ്രവർത്തനങ്ങളിൽ സാരമായി ബാധിക്കാനിടയാകുന്ന ഈ നടപടി സർക്കാർ പിൻവലിക്കണം. വൈറസ് ഭീതിയിലായ ജനങ്ങളുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കുന്ന നടപടിയിൽ നിന്ന് ഭരണകൂടം പിന്തിരിയണം. ഔദ്യോഗിക സ്ഥാനങ്ങളുപയോഗിച്ച് ഇതര വിശ്വാസങ്ങൾ അടിച്ചേൽപിക്കുന്ന സമീപനങ്ങളിൽ നിന്ന് അധികാരികൾ പിൻമാറണം. ഇത്തരം അവസരങ്ങളിലെ ചില സാംസ്കാരിക പ്രവർത്തകരുടെ സമീപനങ്ങൾ പക്ഷപാതപരമാണന്നും ഇസ്‌ലാമോഫോബിയയുടെ അനുരണങ്ങളാണ് അവരുടെ ശബ്ദങ്ങളിലെന്നും സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു.

വിസ്ഡം യൂത്ത് ഓൺലൈൻ മീറ്റ് സംസ്ഥാന പ്രസിഡന്റ് ഹാരിസ് കായക്കൊടി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ അഹ്മദ് സ്വലാഹി അധ്യക്ഷനായിരുന്നു.

'കൊറോണ; നാളെയുടെ വർത്തമാനം', വിസ്ഡം യൂത്ത് വെബിനാർ, 'കോവിഡ് 19 നാസ്തികതയുടെ അന്ധവിശ്വാസം' ഓൺലൈൻ ഡയലോഗ്, അഹ്‌ലൻ റമദാൻ, വിസ്ഡം മെഡിക്കൽ ഡെസ്ക്, ഡീഅഡിക്ഷൻ കൗൺസലിംഗ് പ്രോഗ്രാം, തൊഴിൽ മാർഗരേഖ പദ്ധതി എന്നിവയ്ക്ക് രൂപം നൽകി.

സംസ്ഥാന ഭാരവാഹികളായ ഡോ: പി.എൻ ശബീർ, മുജീബ് ഒട്ടുമ്മൽ, യു.മുഹമ്മദ് മദനി, ഒ. മുഹമ്മദ് അൻവർ, ഡോ: പി.പി നസീഫ്, സുഹൈൽ പി.യു, ഡോ: ഫസലുർറഹ്മാൻ കക്കാട്, ജംഷീർ സ്വലാഹി, അനിൽ പ്രിംറോസ്, അബ്ദുല്ല ഫാസിൽ, നിഷാദ് സലഫി എന്നിവർ സംസാരിച്ചു.

# സൗദിയിലെ പ്രബോധകർ ബാധ്യത നിർവഹിക്കുന്നു

സൗദി അറേബ്യയുടെ പ്രധാന കേന്ദ്രങ്ങളെല്ലാം ലോക്ഡൗണിലേക്ക് നീങ്ങിയപ്പോൾ മലയാളി പ്രബോധകർ 'മടങ്ങുക, സ്രഷ്ടാവിലേക്ക്' എന്ന കാലിക പ്രസക്തമായ പ്രമേയത്തിൽ ദ്വൈമാസ ഓൺ ലൈൻ കാമ്പയിൻ പ്രഖ്യാപിച്ച് മാതൃകയാവുകയാണ്.

കോവിഡ് വരുത്തിവച്ച പ്രതിസന്ധികളിൽ പ്രയാസപ്പെടുന്നവർക്കുള്ള സന്നദ്ധ പ്രവർത്തനങ്ങൾ സജീവമായി നടത്തുമ്പോൾ തന്നെയാണ് ഈ സന്ദർഭത്തിൽ മനുഷ്യൻ അവന്റെ സ്രഷ്ടാവിലേക്ക് മടങ്ങേണ്ടതിന്റെ പ്രാധാന്യം ഓർമിപ്പിച്ചുകൊണ്ടുള്ള ശ്രദ്ധേയമായ ക്യാമ്പയിൻ പ്രഖ്യാപിച്ചിട്ടുള്ളത്.

എല്ലാ തിരക്കുകളിൽനിന്നും മാറി സ്വന്തം താമസസ്ഥലത്തേക്ക് ഒതുങ്ങിയ മനുഷ്യൻ ജീവിത ലക്ഷ്യത്തെക്കുറിച്ച് ചിന്തിക്കാൻ നിർബന്ധിതനാവുകയാണ്. ഈ സമയത്ത് സ്രഷ്ടാവിന്റെ ആസ്തിക്യവും പരലോകബോധവും ഊട്ടിയുറപ്പിക്കാൻ സഹായകമാവുന്ന സന്ദേശങ്ങൾക്ക് കാത് കൊടുക്കാൻ ധാരാളം പേർ തയ്യാറാകുന്നുണ്ട്. മുന്നോട്ടുള്ള മുഴുവൻ വാതിലുകളും അടഞ്ഞുകിടക്കുന്ന പ്രവാസിയുടെ മുന്നിൽ സമാധാനത്തിന്റെ കതക് തുറന്നുവയ്ക്കാൻ ഈ ക്യാമ്പയിൻ പ്രയോജനപ്പെടും.

കോവിഡ് പരീക്ഷണത്തിന്റെ തീച്ചൂളയിലും മതത്തെയും ദൈവത്തെയും വെല്ലുവിളിക്കുന്നവരെയും നാം കാണുന്നുണ്ട്. അടിസ്ഥാനപരമായ അറിവിന്റെ അഭാവമാണ് പലർക്കും ഇതിനെല്ലാം കാരണം. ഇങ്ങനെ ചിന്തിക്കുന്നവർക്കും വെളിച്ചം പകരാൻ കാമ്പയിൻ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രതിസന്ധികൾ ഉണ്ടായിക്കൊണ്ടേയിരിക്കും. അതിനോട് നാം എങ്ങനെ പ്രതികരിക്കുന്നുവെന്നതാണ് പ്രധാനം. സൗദി അറേബ്യയിൽ മുഴുവൻ മേഖലകളിലുമുള്ള ഇസ്‌ലാഹി സെന്ററുകൾ ഒന്നിച്ച് സംഘടിപ്പിക്കുന്ന ഓൺലൈൻ ദേശീയ കാമ്പയിൻ പ്രതിസന്ധികളെ ക്രിയാത്മകമായി നേരിടുന്നതിന്റെ നേർക്കാഴ്ചയാണ്.

# കർണാടകയുടെ കടുംപിടിത്തം

**കൊ**റോണ വൈറസ് വഴി പിടികൂടുന്ന 'കോവിഡ് 19' എന്ന പേരിൽ അറിയപ്പെടുന്ന രോഗത്തെ ഭയപ്പെട്ടുകൊണ്ടാണ് ഇന്ന് ലോകത്തുള്ള 700 കോടിയിൽ പരമുള്ള മനുഷ്യർ കഴിഞ്ഞുകൂടുന്നത്. ഓരോ രാഷ്ട്രവും രാജ്യത്ത് രോഗം പടരാതിരിക്കുവാൻ അതീവ ജാഗ്രതയിലാണ്. വൈറസ് വ്യാപനത്ത തടയിടാൻ സാധ്യമാകുന്നതെല്ലാം ചെയ്യുന്നു. അതിന്റെ ഭാഗമായി പ്രധാനമായും ചെയ്തിട്ടുള്ളത് ലോക്ക് ഡൗൺ ഏർപെടുത്തുക എന്നതാണ്. ജനങ്ങൾ പുറത്തിറങ്ങാതിരുന്നാൽ വൈറസ് ബാധിതരുമായുള്ള സമ്പർക്കമില്ലാതാകും. അതുവഴി വൈറസ് വ്യാപനം തടയാം. ജനങ്ങൾക്ക് ചെറുതല്ലാത്ത ബുദ്ധിമുട്ടുകൾ ഇതുവഴിയുണ്ടാകുമെന്നത് തീർച്ചയാണ്. എന്നാൽ ഒരു ഭീകരദുരന്തം ജനങ്ങളെയൊന്നാകെ പിടികൂടാതിരിക്കാൻ ഇത് അനിവാര്യമാണ് താനും. ഇറ്റലിയെ കോവിഡ് 19 കൂടുതൽ ബാധിക്കാൻ കാരണം തുടക്കത്തിൽ തന്നെ ജനങ്ങളുടെ കൂടിക്കലരൽ തടയാൻ തയ്യാറായില്ല എന്നതാണ്. അവർ കാര്യത്തെ ഗൗരവത്തിലെടുത്തപ്പോഴേക്കും നിയന്ത്രണം വിട്ടിരുന്നു.

ഇന്ത്യയിൽ അതിവേഗത്തിലുള്ള വൈറസ് ബാധക്ക് തടയിടാൻ കഴിഞ്ഞത് ലോക്ക്ഡൗൺ കൊണ്ടാണെന്നതിൽ സംശയമില്ല. അല്ലാത്തപക്ഷം ലോകത്ത് ജനസംഖ്യയിൽ രണ്ടാംസ്ഥാനത്തുള്ള ഇന്ത്യയെ വളരെ വേഗം രോഗം കീഴടക്കുമായിരുന്നു. ഇന്ത്യൻ സംസ്ഥാനങ്ങളിൽ രോഗവ്യാപനം തടയാനുള്ള സമഗ്രമായ പദ്ധതികളും ജാഗ്രതയുമായി മുന്നിൽനിൽക്കുന്നത് സാക്ഷരകേരളമാണെന്ന് നിസ്സംശയം പറയാം. കേരളത്തിലുള്ള ജനങ്ങൾ കാണിക്കുന്നത്ര ജാഗ്രതയൊന്നും മറ്റു സംസ്ഥാനങ്ങളിൽ കാണുവാൻ സാധ്യമല്ല.

ലോക്ക് ഡൗൺ കാലമാണെങ്കിലും ജനങ്ങൾക്ക് ജീവിക്കണമല്ലോ. അതിന് ഭക്ഷ്യവസ്തുക്കളും മരുന്നുമെല്ലാം ആവശ്യമാണ്. എല്ലാം സംസ്ഥാനങ്ങളിലും ജനങ്ങൾക്ക് ആവശ്യമായ എല്ലാ വസ്തുക്കളും ഉൽപാദിപ്പിക്കുന്നില്ല. എല്ലാ സംസ്ഥാനങ്ങളിലും ഒരേ പോലുള്ള കാലാവസ്ഥയും ഭൂപ്രകൃതിയുമല്ല. കാലാവസ്ഥയ്ക്ക് അനുയോജ്യമായ കൃഷിയാണ് അതാതു സംസ്ഥാനങ്ങളിൽ ചെയ്യുന്നത്. കൃഷിയുടെ കാര്യത്തിൽ മലയാളികൾ ഇന്ന് വളരെ പുറകിലാണ്. അരിയും പച്ചക്കറികളുമെല്ലാം അന്യസംസ്ഥാനങ്ങളിൽ നിന്ന് വന്നിട്ടുവേണം. അതുപോലെ ചികിൽസക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരും പലപ്പോഴും. കേരളത്തിൽ കിട്ടാത്ത വിദഗ്ധ ചികിൽസ മറ്റൊരു സംസ്ഥാനത്തുനിന്ന് ലഭിക്കുമെങ്കിൽ അങ്ങോട്ടു പോകേണ്ടിവരും. സംസ്ഥാനത്തിന്റെ അതിർത്തി ജില്ലയായ കാസർകോഡ് താമസിക്കുന്നവർക്ക് തൊട്ടടുത്ത സംസ്ഥാനമായ കർണാടകയിലെ മംഗലാപുരത്തേക്ക് വിദഗ്ധ ചികിൽസക്കായി പോകേണ്ടിവരും. പാലക്കാട് താമസിക്കുന്നവർക്ക് കോയമ്പത്തൂരിലേക്ക് പോകേണ്ടിവരും.

ലോക്ക് ഡൗണിന്റെ പേരിൽ ഈ അയൽസംസ്ഥാനങ്ങൾ കേരളത്തിലേക്കുള്ള പാതകൾ സമ്പൂർണമായി അടച്ചുപൂട്ടിയാൽ എന്തായിരിക്കും അവസ്ഥ?! അങ്ങനെയൊരു നിലപാട് കർണാടക സംസ്ഥാനം സ്വീകരിച്ചത് വലിയ വിവാദത്തിന് വഴിവച്ചിട്ടുണ്ട്. അത്യാസന്ന നിലയിലായ രോഗികളുള്ള ആംബുലൻസിന് പോലും പ്രവേശിക്കാൻ അനുമതി കൊടുക്കാതിരുന്നതിന്റെ ഫലമായി ചില രോഗികൾ മരണപ്പെട്ടതായും മാധ്യമങ്ങളിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു. മുൻകരുതൽ നല്ലതു തന്നെയാണ്. നിയന്ത്രണമാകാം. എന്നാൽ അത്യാവശ്യക്കാരെ പോലും തടയുന്നതും പ്രധാന റോഡിൽ ഉയരത്തിൽ മണ്ണിട്ട് വഴി ബ്ലോക്കാക്കുന്നതും അക്രമമാണ്. സുപ്രീംകോടതി ഇടപെട്ടിട്ടും ആംബുലൻസുകളെ കർണാടക പൊലീസ് തിരിച്ചയച്ചതായാണ് അറിയാൻ കഴിഞ്ഞത്. ലോക്ക് ഡൗൺ മനുഷ്യത്വത്തിന്റെ ഭാഗമാണ്, അതിന്റെ പേരിൽ മനുഷ്യത്വവിരുദ്ധമായി പ്രവർത്തിക്കുന്നതിനെ ന്യായീകരിക്കുവാൻ കഴിയില്ല.

സ്വാലിഹ് ഇബ്നു അബ്ദുല്ലാഹ് ഇബ്നുഹംദ് അൽ ഉസൈമി
വിവ. യാസിർ അൽഹികമി

# 6 പ്രയാസഘട്ടത്തിൽ ശ്രദ്ധിക്കേണ്ട അടിസ്ഥാന കാര്യങ്ങൾ

വിശ്വാസികളേ, അടിമ അല്ലാഹുവിനെ ആശ്രയിക്കാൻ നിർബന്ധിതനാണ്. അല്ലാഹു പറയുന്നു:

"മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതൻമാരാകുന്നു. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു" (ക്വുർആൻ 35:15).

ജനങ്ങൾക്ക് പ്രയാസങ്ങൾ അധികരിക്കുമ്പോൾ ഈ ആശ്രയം അനിവാര്യമാവുന്നു. അല്ലാഹുവിലേക്ക് മടങ്ങാൻ അവർ നിർബന്ധിതരാകുന്നു. ഇങ്ങനെ അല്ലാഹുവിലേക്ക് മടങ്ങൽ വളരെ മഹത്തായ ആറു അടിസ്ഥാന കാര്യങ്ങളിലൂടെ പ്രകടമാക്കാം.

### 1) ഒന്ന് ക്വദ്റിലുള്ള വിശ്വാസം

അല്ലാഹു പറയുന്നു: "ഓരോ വസ്തുവെയും അവൻ സൃഷ്ടിക്കുകയും അതിനെ അവൻ ശരിയാംവണ്ണം വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 25:2).

"തീർച്ചയായും ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥപ്രകാരമാകുന്നു" (ക്വുർആൻ 54:49).

അതുകൊണ്ട് വിശ്വാസികൾ ക്വദ്റിൽ (വിധിയിൽ) വിശ്വസിക്കുകയും ക്ഷമയോടെ അതിനെ സ്വീകരിക്കുകയും വേണം.

പ്രവാചകൻﷺ പറഞ്ഞു: "വിശ്വാസിയുടെ കാര്യം എത്ര അത്ഭുതമാണ്! അവന്റെ എല്ലാ കാര്യങ്ങളും അവനു നന്മയാണ്. അത് സത്യവിശ്വാസിക്കു മാത്രം ലഭിക്കുന്നതുമാണ്. അവനു സന്തോഷമുണ്ടായാൽ അവൻ അല്ലാഹുവിനു നന്ദി കാണിക്കുന്നു; അത് അവനു നന്മയാണ്. അവനു പ്രയാസമുണ്ടായാൽ അവൻ ക്ഷമിക്കുന്നു; അതും അവനു നന്മയാണ്." (മുസ്‌ലിം).

അതിനാൽ വിശ്വാസി വിധിയിലുള്ള വിശ്വാസം കൊണ്ട് അവന്റെ ഹൃദയത്തെ നന്നാക്കണം. കാര്യങ്ങൾ അല്ലാഹു തീരുമാനിക്കുന്നതിനനുസരിച്ചാണു നടക്കുക. അവനുദ്ദേശിക്കുന്നത് സംഭവിക്കുന്നു. അവനുദ്ദേശിക്കാത്ത ഒന്നും സംഭവിക്കുന്നില്ല.

### 2) അല്ലാഹുവിൽ പൂർണമായി ഭരമേൽപിക്കുക

അല്ലാഹു പറയുന്നു: "വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്നപക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്" (ക്വുർആൻ 65:3).

"പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ യജമാനൻ. അല്ലാഹുവിന്റെ മേലാണ് സത്യവിശ്വാസികൾ ഭരമേൽപിക്കേണ്ടത്." (ക്വുർആൻ 9:51).

അതിനാൽ വിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപിക്കുകയാണു വേണ്ടത്. അവർ കെട്ടുകഥകൾ ഉണ്ടാക്കുവാൻ മത്സരിക്കുന്നവരോ അവയിൽ വിശ്വസിക്കുന്ന ദുർബലരോ ആകരുത്.

നബിﷺ പറഞ്ഞു: "ശക്തനായ വിശ്വാസിയെയാണ് ദുർബലനായ വിശ്വാസിയെക്കാൾ അല്ലാഹുവിന് ഇഷ്ടം. ഇരുവരിലും നന്മയുണ്ട്" (മുസ്‌ലിം).

### 3) അല്ലാഹുവിലേക്ക് മടങ്ങലും തൗബ ചെയ്യലും

അല്ലാഹു പറയുന്നു: "മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരുവേള മടങ്ങിയേക്കാം" (ക്വുർആൻ 30:41).

അഥവാ കരയിലും കടലിലുമുള്ള സൃഷ്ടികളിൽ അവരുടെ ആഹാരപാനീയങ്ങളിലും ആരോഗ്യത്തിലും ശക്തിയിലും എല്ലാം കുഴപ്പം പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അതിനു കാരണം മനുഷ്യരുടെ പ്രവർത്തനങ്ങളാണ്. അപ്പോൾ അല്ലാഹു ചില ശിക്ഷകൾ അവർക്ക് നൽകും. ഒരുപക്ഷേ, അവർ മടങ്ങിയേക്കാം.

ഇബ്നുമുൻദിർ‍ ഇബ്നുഅബ്ബാസ്‍ പറഞ്ഞതായി ഉദ്ധരിക്കുന്നു: "അഥവാ അവർ പശ്ചാത്തപിച്ചേക്കാം."

അദ്ദേഹത്തിന്റെ തന്നെ മറ്റൊരു റിപ്പോർട്ടിൽ 'അവർ മടങ്ങിയേക്കാം' എന്നതിനെ വിശദീകരിച്ചത് 'അവരുടെ പാപങ്ങളിൽ നിന്ന്' എന്നാണ്.

അതിനാൽ അല്ലാഹു അവനു പശ്ചാത്തപിക്കാൻ ആയുർദൈർഘ്യം നൽകി എന്ന് മനസിലാക്കി അവനിലേക്ക് മടങ്ങുകയും തൗബ ചെയ്യുകയും വേണം.

അല്ലാഹു പറയുന്നു: "നിനക്ക് മുമ്പ് നാം പല സമൂഹങ്ങളിലേക്കും (ദൂതൻമാരെ) അയച്ചിട്ടുണ്ട്. അനന്തരം അവരെ (ആ സമൂഹങ്ങളെ) കഷ്ടപ്പാ



ടും ദുരിതവുംകൊണ്ട് നാം പിടികൂടി; അവർ വിനയശീലരായിത്തീരുവാൻ വേണ്ടി. അങ്ങനെ അവർക്ക് നമ്മുടെ ശിക്ഷ വന്നെത്തിയപ്പോൾ അവരെന്താണ് താഴ്മയുള്ളവരാകാതിരുന്നത്? എന്നാൽ അവരുടെ ഹൃദയങ്ങൾ കടുത്തുപോകുകയാണുണ്ടായത്. അവർ ചെയ്തുകൊണ്ടിരുന്നത് പിശാച് അവർക്ക് ഭംഗിയായി തോന്നിക്കുകയും ചെയ്തു. അങ്ങനെ അവരോട് ഉൽബോധിപ്പിക്കപ്പെട്ട കാര്യങ്ങൾ അവർ മറന്നുകളഞ്ഞപ്പോൾ എല്ലാ കാര്യങ്ങളുടെയും വാതിലുകൾ നാം അവർക്ക് തുറന്നുകൊടുത്തു. അങ്ങനെ അവർക്ക് നൽകപ്പെട്ടതിൽ അവർ ആഹ്ലാദം കൊണ്ടപ്പോൾ പെട്ടെന്ന് നാം അവരെ പിടികൂടി. അപ്പോൾ അവരതാ നിരാശപ്പെട്ടവരായിത്തീരുന്നു" (ക്വുർആൻ 6:42-44).



അടിമ അല്ലാഹുവിലേക്ക് മടങ്ങുന്നതിനായി അല്ലാഹു അവന്റെ ശക്തി ബോധ്യപ്പെടുത്തിയാൽ തൗബ ചെയ്യാൻ ധൃതികാണിക്കണം. എന്നാൽ കഠിന ഹൃദയനായി, പിശാച് അലങ്കാരമാക്കിത്തോന്നിക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകി തൗബയിൽ നിന്ന് അകന്നാൽ അല്ലാഹു സൗകര്യങ്ങൾ നൽകിയ ശേഷം രക്ഷപ്പെടാൻ സാധിക്കാത്ത വിധം പിടികൂടും.

### 4) ഭൗതിക മാർഗങ്ങൾ സ്വീകരിക്കുക

അല്ലാഹു പറയുന്നു: "നിങ്ങളുടെ കൈകളെ നിങ്ങൾ തന്നെ നാശത്തിൽ തള്ളിക്കളയരുത്" (ക്വുർആൻ 2:195).

നബിﷺ പറഞ്ഞു: "നിങ്ങൾ കുഷ്ഠരോഗിയുടെ അടുക്കൽ നിന്നും സിംഹത്തിന്റെ അടുക്കൽ നിന്ന് എന്നപോലെ ഓടുക."

"ഒരു സ്ഥലത്ത് പകർച്ചവ്യാധിയുണ്ടെന്ന് കേട്ടാൽ അങ്ങോട്ട് പോകരുത്. നീ താമസിക്കുന്നേടത്ത് അത്തരം രോഗം വന്നാൽ അവിടെ നിന്ന് പുറത്ത് പോവുകയുമരുത്."

അതിനാൽ ഭൗതികമായ മുൻകരുതലുകൾ സ്വീകരിക്കലും വിശ്വാസിക്ക് നിർബന്ധമാണ്.

### 5) കൃത്യമായ സ്രോതസ്സുകളിൽ നിന്ന് വിവരമറിയുക, വ്യാജവാർത്ത പ്രചരിപ്പിക്കാതിരിക്കുക

അല്ലാഹു പറയുന്നു: "സമാധാനവുമായോ (യുദ്ധ) ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്ക് വന്നുകിട്ടിയാൽ അവരത് പ്രചരിപ്പിക്കുകയായി. അവരത് റസൂലിന്റെയും അവരിലെ കാര്യവിവരമുള്ളവരുടെയും തീരുമാനത്തിന് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽ നിന്ന് നിരീക്ഷിച്ച് മനസ്സിലാക്കാൻ കഴിവുള്ളവർ അതിന്റെ യാഥാർഥ്യം മനസ്സിലാക്കിക്കൊള്ളുമായിരുന്നു" (ക്വുർആൻ 4:83).

അതിനാൽ അറിവുള്ളവരിലേക്ക് കാര്യങ്ങൾ വിടുകയും കൃത്യമായ സ്രോതസ്സുകളിൽ നിന്ന് അറിവ് സ്വീകരിക്കുകയും വേണം. ദീനും ദുൻയാവും കളങ്കപ്പെടുംവിധം കേട്ടതുമുഴുവൻ പ്രചരിപ്പിക്കുന്ന ഉച്ചഭാഷിണിയാവാതിരിക്കാൻ ശ്രദ്ധിക്കണം.

### 6) പ്രാർഥന

വിശ്വാസിക്ക് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് പ്രാർഥന. 'പ്രാർഥന അതുതന്നെയാണ് ആരാധന' എന്നാണല്ലോ നബിﷺ പഠിപ്പിച്ചത്.

*രോഗസന്ദർഭങ്ങളിലെ പ്രാർഥന രണ്ട് വിധത്തിലാണ്:*

1) പ്രയാസങ്ങൾ ദൂരികരിച്ച് തരുവാൻ പൊതുവായുള്ള പ്രാർഥന: 'അല്ലാഹുവേ, ഈ പരീക്ഷണത്തിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ... രോഗങ്ങളിൽ നിന്ന് ഞങ്ങളെ കാക്കേണമേ...' എന്നിങ്ങനെയുള്ളവ.

ഇമാം ബുഖാരി(റഹി) തന്റെ സ്വഹീഹിലെ ഒരു അധ്യായത്തിനു 'വേദനയും മഹാമാരിയും നീങ്ങാനുള്ള പ്രാർഥനയുടെ അധ്യായം' എന്നാണു നാമകരണം ചെയ്തിട്ടുള്ളത്. ഇമാം നസാഈയിൽ 'വേദന മാറാനുള്ള പ്രാർഥനയുടെ അധ്യായം' എന്നൊരു അധ്യായം കാണാം.

ഇവയിൽ നബിﷺ മദീനയെ ബാധിച്ച പനിയെ അവിടുന്ന് നീക്കുവാൻ വേണ്ടി പ്രാർഥിച്ചത് കാണാം.

2) ഏത് രോഗമാണോ അതിൽനിന്ന് പ്രത്യേകം രക്ഷതേടുന്ന പ്രാർഥന. അത് മൂന്ന് തരത്തിലാണ്.

1) സൂറത്തുൽ ഫലക്, സൂറത്തുന്നാസ് എന്നിവ പാരായണം ചെയ്യൽ. പ്രവാചകൻﷺ പറഞ്ഞു: "ഇവ രണ്ട് കൊണ്ടും രക്ഷതേടുന്നത് പോലെ മറ്റൊന്നുകൊണ്ടും ഒരാളും രക്ഷതേടിയിട്ടില്ല" (അബൂദാവൂദ്, നസാഈ).

അഥവാ ഒരാൾ എന്തിനെയെങ്കിലും ഭയപ്പെട്ടാൽ അതിൽ നിന്ന് രക്ഷനേടുവാൻ അല്ലാഹുവിനോട് തേടിക്കൊണ്ട് ഈ രണ്ടു സൂറത്തുകളും പാരായണം ചെയ്യണം. ആ ഭയപ്പെടുന്ന കാര്യങ്ങളിൽ ഈ രോഗവും ഉൾപ്പെടും.




2) അബൂദാവൂദ് ഉദ്ധരിച്ച, പ്രവാചകൻﷺ ചൊല്ലാറുണ്ടായിരുന്ന ഒരു പ്രാർഥന:

"അല്ലാഹുവേ, വെള്ളപ്പാണ്ടിൽനിന്നും ഭ്രാന്തിൽനിന്നും കുഷ്ഠരോഗത്തിൽ നിന്നും (മറ്റ്) പ്രയാസമേറിയ രോഗങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു" (അബൂദാവൂദ്).

ഇതിലെ 'പ്രയാസമേറിയ രോഗങ്ങൾ' എന്നതിൽ പെടുന്നതാണു ജനങ്ങൾ ഭീതിയോടെ നോക്കിക്കാണുന്ന ഈ പകർച്ചവ്യാധി. അതിനാൽ ഈ പ്രാർഥന പ്രാവർത്തികമാക്കുക.

3) രാവിലെയും വൈകുനേരവും ചൊല്ലേണ്ട ഒരു ദിക്ർ. നബിﷺ പറഞ്ഞു: "ഒരു അടിമ പ്രഭാതത്തിലും പ്രദോഷത്തിലും 3 പ്രാവശ്യം 'അല്ലാഹുവിന്റെ നാമത്തിൽ, അവന്റെ നാമത്തോടൊപ്പം ഭൂമിയിലോ ആകശത്തോ ഒരു വസ്തുവും ഉപദ്രവമേൽക്കപ്പെടുകയില്ല! അവൻ സർവവും കേൾക്കുന്നവനും സർവവും അറിയുന്നവനുമാണ്' എന്ന് പറഞ്ഞാൽ അവനെ ഒന്നും ഉപദ്രവിക്കില്ല.

മറ്റൊരു റിപ്പോർട്ടിൽ 'പെട്ടെന്നുള്ള പരീക്ഷണങ്ങൾ ഏൽക്കില്ല' എന്നും ഉണ്ട്. (അബൂദാവൂദ്, തിർമിദി, ഇബ്നു മാജ).


മനുഷ്യരെ പകർച്ചവ്യാധിയിൽനിന്ന് രക്ഷിക്കുന്നതാണ് പ്രവാചകൻﷺ രാവിലെയും വൈകുന്നേരവും മൂന്ന് പ്രാവശ്യം വീതം ചൊല്ലാറുണ്ടായിരുന്ന ഈ പ്രാർഥന.

ഇതാണു അല്ലാഹുവിനു കീഴ്പ്പെടാനുള്ള ആറു അടിസ്ഥാന കാര്യങ്ങൾ. ഇത് ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ഉത്സാഹിക്കുക.

ഈ രോഗം നമുക്കേൽപിച്ച ആഘാതങ്ങളുടെയും ഭയത്തിന്റെയും സാഹചര്യത്തിൽ അതിൽ നിന്നുള്ള സംരക്ഷണത്തിനായി അല്ലാഹുവിലേക്ക് വിധേയനാകേണ്ടത് അവനെ ഭയപ്പെട്ടും കീഴ്പെട്ടുമാണ്. അതിൽ പ്രധാനപ്പെട്ടതാണ് ഈ ആറു കാര്യങ്ങൾ.

അല്ലാഹു ഈ രോഗത്തിൽനിന്ന് നമ്മെയെല്ലാം കാത്തുരക്ഷിക്കുമാറാകട്ടെ. അവനാകുന്നു സർവസ്തുതിയും.

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com




# കോവിഡ് വ്യാപനം: ഉത്തരവാദിത്തം ആർക്ക്?


**കോവിഡിന്റെ പ്രഭവകേന്ദ്രം ചൈനയാണെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. അതേസമയം അതിന്റെ സാമൂഹ്യവ്യാപനവുമായി ബന്ധപ്പെട്ട് ഓരോ രാജ്യങ്ങളിലും വ്യത്യസ്ത അഭിപ്രായങ്ങളും ആക്ഷേപങ്ങളും നിലനിൽക്കുന്നുണ്ട്. രോഗപ്രതിരോധത്തിന്റെ ആദ്യ ഘട്ടത്തിൽ ഇന്ത്യ ഒരു പരിധി വരെ വിജയിച്ചു എന്നു വേണം മനസ്സിലാക്കാൻ. എന്നാൽ വർഗീയതയുടെ വിളനിലമായ സമകാലിക സാഹചര്യത്തിൽ കോവിഡിന്റെ മതം ചികയുന്ന തിരക്കിലാണ് ചില തൽപരകക്ഷികൾ. ഇന്ത്യയിലെ കോവിഡ് വ്യാപനം ചർച്ച ചെയ്യുമ്പോൾ ആരെയാണ് യഥാർഥത്തിൽ പ്രതിസ്ഥാനത്ത് നിർത്തേണ്ടത്?**

ചൈനയിലെ വുഹാനിൽനിന്നും ആരംഭിച്ച് ഇറ്റലി, ജർമനി, ഫ്രാൻസ്, സ്‌പെയിൻ, യു.കെ, യു. എസ്.എ തുടങ്ങിയ, ലോകത്തെ വൻകിട രാജ്യങ്ങളെ വിറപ്പിച്ചുകൊണ്ട് കൊറോണ വൈറസ് അതിന്റെ വ്യാപനം തുടർന്നു കൊണ്ടിരിക്കുകയാണ്. വൻകിട രാജ്യങ്ങളിലോരോന്നിലെയും കോവിഡ് ബാധിതരുടെ ജനസംഖ്യാനുസൃതമായ അനുപാതം ഇന്ത്യയെ അപേക്ഷിച്ച് വളരെ കൂടുതലാണ്. അമേരിക്ക (0.13%), ഇറ്റലി (0.23%), ജർമ്മനി (0.13%), സ്‌പെയിൻ(0.31%), ഫ്രാൻസ്(0.16%), യു.കെ(0.83%) എന്നീ

രാജ്യങ്ങളിലാണ് ആനുപാതികമായി കോവിഡ് ഏറ്റവും കൂടുതൽ സ്ഥിരീകരിക്കപ്പെട്ടത്. ജനസംഖ്യയിൽ ഇന്ത്യയെക്കാൾ മുന്നിട്ട് നിൽക്കുന്ന ചൈനയിൽ വ്യാപനം 0.006% ആണ്. ദരിദ്രകോടികൾ ജീവിക്കുന്ന ഇന്ത്യയിലാവട്ടെ 0.0004% കോവിഡ് രോഗികൾ മാത്രമാണെന്നാണ് ഇതുവരെ കണ്ടെത്തിയിട്ടുള്ളത്. ഇത് സൂചിപ്പിക്കുന്നത് ലോകത്തെ വൻകിട രാജ്യങ്ങളെ സാരമായി ബാധിച്ചപ്പോൾ ഇന്ത്യയിൽ കോവിഡിന്റെ വ്യാപനം വളരെ കുറവായിരുന്നുവെന്നാണ്. 33 കോടി ജനങ്ങൾ അധിവസിക്കുന്ന അമേരിക്കയിൽ നാലര ലക്ഷം പേരെ കോവിഡ് ബാധിച്ചുവെങ്കിൽ 133 കോടി ജനങ്ങൾ ജീവിക്കുന്ന ഇന്ത്യയിൽ കേവലം 6000 പേർക്ക് മാത്രമാണ് വൈറസ് ബാധിച്ചിട്ടുള്ളത്.

കോവിഡിന്റെ സാമൂഹിക വ്യാപനവുമായി ബന്ധപ്പെട്ട പല വാർത്തകളും ചർച്ചകളും കാണുമ്പോൾ ചില മുൻധാരണകളോ അല്ലെങ്കിൽ പക്ഷപാതപരമായ നിലപാടുകളോ ആണ് പലരെയും നയിക്കുന്നത് എന്നകാര്യമാണ് ബോധ്യപ്പെടുന്നത്. സാമൂഹിക വ്യാപനത്തിന്റെ യഥാർഥ കാരണം കണ്ടെത്തുന്നതിന് പകരം ഉത്തരവാദപ്പെട്ടവരുടെ കണ്ണടച്ച് ഇരുട്ടാക്കിക്കൊണ്ടുള്ള ഒഴിഞ്ഞുമാറ്റവും മറ്റുള്ളവരുടെ മേൽ കുറ്റം ചാർത്തിക്കൊണ്ടുള്ള രക്ഷപ്പെടലുമാണ് കണ്ടുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയാതിപ്രസരങ്ങളിൽ ഉന്മാദിക്കുന്ന ഭരണകൂടങ്ങളുടെയും അവരെ അന്ധമായി പിന്തുടരുന്ന സാമാന്യജനത്തിന്റെയും ജാഗ്രതക്കുറവും അനാസ്ഥയുമാണ് കോവിഡ് വ്യാപനത്തിന് കാരണമായത് എന്ന യാഥാർഥ്യത്തെ മറച്ചുപിടിച്ചിട്ട് കാര്യമില്ല.

ചൈനക്ക് ശേഷം സാമൂഹിക വ്യാപനം ഏറ്റവും കൂടുതൽ സംഭവിച്ചത് ഇറ്റലിയിൽ ആയിരുന്നുവല്ലോ. ആരോഗ്യ വിദഗ്ധർ നേരത്തെ മുന്നറിയിപ്പ് നൽകിയിരുന്നിട്ടും അതിനെ ഗൗരവത്തോടെ ആരും എടുത്തില്ല എന്നതായിരുന്നു ഇറ്റലിക്ക് സംഭവിച്ച ദുര്യോഗം. പൊതുജനങ്ങളാവട്ടെ, മുന്നറിയിപ്പുകൾ അവരും കേട്ടിരുന്നെങ്കിലും ഒരു നിശ്ചയമില്ലായ്മ (skepticism) അവരെ സ്വാധീനിച്ചിരുന്നു. പക്ഷേ, ഉദാസീനമായ ഈ അവസ്ഥയെ രാഷ്ട്രമേധാവികളുടെ ഇച്ഛാശക്തി കൊണ്ടായിരുന്നു തരണം ചെയ്യേണ്ടിയിരുന്നത്. ഇറ്റലിയിലെ ആദ്യത്തെ കോവിഡ് കേസ് പരിശോധിച്ചാൽ ആരാണ് ഇക്കാര്യത്തിൽ അലംഭാവം കാണിച്ചതെന്ന് വ്യക്തമാണ്. ഫെബ്രുവരി മധ്യത്തിൽ തന്നെ കോവിഡ് ഇറ്റലിയെ വലിയ തോതിൽ ബാധിച്ചേക്കാമെന്ന മുന്നറിയിപ്പ് വന്നിട്ടും ഫെബ്രുവരി അവസാനത്തിലും ഇറ്റലിയിലെ ചില രാഷ്ട്രീയ നേതാക്കൾ മിലാൻ അടക്കമുള്ള പട്ടണങ്ങളിൽ വലിയ പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും കൈകൊടുക്കലും കെട്ടിപ്പിടിക്കലുമടക്കമുള്ള പരസ്പരാഭിവാദ്യങ്ങൾ നടത്തുകയും ചെയ്തു. ഇതുതന്നെയായിരുന്നു മറ്റു രാജ്യങ്ങളിലെയും അവസ്ഥ. മിക്ക രാജ്യങ്ങളിലെയും ആരോഗ്യ വകുപ്പും സംവിധാനങ്ങളുമൊക്കെ ജാഗ്രത കാണിക്കാൻ നിർദേശിച്ചിരുന്നെങ്കിലും തീരുമാനമെടുക്കേണ്ട ഭരണാധികാരികളുടെയും രാഷ്ട്രീയ നേതാക്കളുടെയും ജാഗ്രതക്കുറവ് കോവിഡ് വ്യാപനത്തിന് കാരണമായി എന്നാണു നിരീക്ഷിക്കപ്പെടുന്നത്. സങ്കീർണമായ സാഹചര്യങ്ങളിൽ എളുപ്പം പരിഹരിക്കാൻ സാധിക്കാത്ത പ്രശ്നങ്ങളിൽ വിദഗ്ധരെ ശ്രദ്ധിക്കുന്നതിൽ നേതാക്കൾ പരാജയപ്പെടുന്നുവെന്നതാണ് പകർച്ചവ്യാധി പോലെ വളരെ മാരകമായ രോഗങ്ങൾക്ക് വ്യാപനം നൽകുന്നത്. രാഷ്ട്രനേതാക്കൾ മാത്രമല്ല, രാഷ്ട്രീയ രംഗത്തുള്ളവരും ഉദ്യോഗസ്ഥരും സംഘടന നേതാക്കളും മതവിഭാഗങ്ങളും തങ്ങൾക്കറിവില്ലാത്ത കാര്യങ്ങളെ സ്വയം വ്യാഖ്യാനിക്കുകയോ വിദഗ്ധരുടെ സാന്നിധ്യമില്ലാത്ത തങ്ങളുടെ കമ്മിറ്റികളിൽ മാത്രം ചർച്ച ചെയ്ത് നിഗമനങ്ങളിൽ എത്തിച്ചേരുകയോ ചെയ്യുന്ന പ്രവണതയാണ് ലോകത്തുടനീളം കണ്ടുവരുന്നത്. പുറത്തുനിന്നുള്ളവരുടെ ഉപദേശങ്ങൾ തങ്ങൾ നേരത്തെ നിശ്ചയിച്ച അജണ്ടകൾക്കും പ്രോഗ്രാമുകൾക്കും വിലങ്ങുതടിയാവുമോ എന്നതാണ് പലരുടെയും ആശങ്ക.



വിവിധ രാജ്യങ്ങളിലെ ആരോഗ്യ പ്രവർത്തകർ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് നേരത്തെ തന്നെ ചില നടപടികൾ കൊണ്ടുവന്നിരുന്നു. പക്ഷേ, അതിനൊന്നും ദേശവ്യാപകമായ പ്രചാരണങ്ങളോ ബോധവൽക്കരണങ്ങളോ ലഭിച്ചില്ല എന്നതാണ് വസ്തുത. ഇന്ത്യയിൽ പോലും ആരോഗ്യപ്രവർത്തകർ ഈ നിലയ്ക്കുള്ള പ്രവർത്തനങ്ങൾ ജനുവരി തൊട്ട് നടത്തിവന്നിരുന്നു. പക്ഷേ, സർക്കാരുകളുടെയും പൊതുജനത്തിന്റെയും പിന്തുണ ഇതിന് ലഭിക്കുന്നുണ്ടായിരുന്നില്ല എന്നതാണ് സങ്കടകരമായ കാര്യം. ഫെബ്രുവരി 20 മുതൽ 27 വരെ ഇന്ത്യയിൽ തങ്ങിയിരുന്ന ഇറ്റാലിയൻ ബിസിനസുകാരനായ ഥിയറി ഗണ്ടോൾഫോ, കോയമ്പത്തൂരിലെ ആരോഗ്യപ്രവർത്തകർ അദ്ദേഹം സഞ്ചരിച്ച പ്രദേശങ്ങളെ അന്വേഷിച്ചറിയുകയും കൂടെ സഞ്ചരിച്ചവരെ കുറിച്ച് ചോദിച്ചറിയുകയും ചെയ്ത അനുഭവങ്ങൾ വിവരിക്കുകയുണ്ടായി. ഇന്ത്യയിലെ ആരോഗ്യപ്രവർത്തകരെയും തമിഴ്നാട് സർക്കാറിനെയും അദ്ദേഹം മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്യുന്നുണ്ട്.

ലോകത്തെ മിക്ക രാജ്യങ്ങളുടെയും നിയന്ത്രണം ബിസിനസ് ലോബികളുടെ കൈകളിലാണ് എന്നതാണ് കോവിഡ് വ്യാപനത്തിന് കാരണമാകുന്നത് എന്നത് അമ്പരിപ്പിക്കുന്ന മറ്റൊരു യാഥാർഥ്യം. അമേരിക്ക ഇതിന് വലിയൊരു ഉദാഹരണമാണ്. എത്ര വലിയ മഹാമാരികൾ സംഭവിച്ചാലും വേണ്ടില്ല അതുവഴി എത്ര ബില്യണുകൾ കൊയ്യാമെന്ന അന്വേഷണത്തിലാണ് ബിസിനസ് ലോബികൾ. സാർസ്, മെർസ് തുടങ്ങിയ പകർച്ചവ്യാധികൾക്ക് കാരണമായ വൈറസുകൾ ഉണ്ടായിട്ടും അവയ്ക്കെതിരെ ഫലപ്രദമായ പ്രതിരോധ മരുന്നുകൾ കണ്ടുപിടിക്കാത്തതിന്റെ പിന്നിൽ ബിസിനസ് ലോബികളാണെന്നാണ് രാഷ്ട്രീയ നിരീക്ഷകരിൽ ചിലർ പറയുന്നത്. ഭാവിയിൽ വരാനിരിക്കുന്ന ദുരന്തങ്ങൾ തടയുന്നത് ലാഭകരമായ ബിസിനസല്ല എന്ന കാഴ്ചപ്പാടാണ് ഇതിനു പിന്നിൽ പ്രവർത്തിക്കുന്നത് എന്നാണു പ്രമുഖ അമേരിക്കൻ ചിന്തകനായ നോം ചോംസ്കി കോവിഡ് പശ്ചാത്തലത്തിൽ അഭിപ്രായപ്പെടുന്നത്. മുൻ അമേരിക്കൻ പ്രസിഡണ്ട് റൊണാൾഡ് റീഗൻ ഒരു ദേശീയ ക്യാമ്പയിന്റെ ഭാഗമായി പറഞ്ഞുവെച്ച ഒരു കാര്യമുണ്ട്. അമേരിക്കയിൽ നവോത്ഥാനപരമായ മുന്നേറ്റമുണ്ടാവണമെങ്കിൽ സർക്കാരിനെ ഒരു പ്രശ്നപരിഹാര ഉപകരണമായി കാണരുത് എന്നു പറഞ്ഞ ശേഷം അദ്ദേഹം പറഞ്ഞ ഒരു വാചകം വളരെ പ്രസിദ്ധമാണ്: 'ഗവർമെന്റാണ് യഥാർഥ പ്രശ്നം' (Government is the problem). ഗവർമെന്റും വിവിധ പ്രസ്ഥാനങ്ങളും ബിസിനസ് പ്രമാണിമാരുടെ ചട്ടുകങ്ങളായിട്ടായാണ് പ്രവർത്തിക്കുന്നത് എന്നാണ് ദീർഘകാലം അമേരിക്കൻ പ്രസിഡണ്ട് പദവിയിലിരുന്ന റീഗൻ വ്യംഗ്യമായി സൂചിപ്പിക്കുന്നത്. ബിസിനസ് ലോബികൾ ആരോഗ്യമേഖലയിലടക്കം പിടിമുറുക്കുന്ന പ്രവണത ഇന്ത്യയിലും മോഡി അധികാരത്തിൽ വന്ന ശേഷം അധികരിച്ചിട്ടുണ്ട്.

ഇറ്റലിക്ക് മുന്നറിയിപ്പ് ലഭിച്ചതുപോലെ തന്നെ അമേരിക്കയ്ക്കും വ്യക്തമായ മുന്നറിയിപ്പ് ലഭിച്ചിട്ടുണ്ടായിരുന്നു. ബിസിനസ് കേന്ദ്രങ്ങൾ അടച്ചിട്ടാലുണ്ടാവുന്ന സാമ്പത്തിക പ്രത്യാഘാതങ്ങളെ മറികടക്കാൻ പിന്നീട് സാധിക്കില്ല എന്ന നവലിബറൽ ലോബിയുടെ ബിസിനസ് യുക്തിയാണ് കോവിഡിനെ ചെറുക്കുന്നതിൽ അമേരിക്കയെ തളർത്തിയത്. ട്രംപിന്റെ പല അപക്വമായ പ്രസ്താവനകളും വന്നത് ഈ ചിന്ത തലയിൽ കയറിയതുകൊണ്ടായിരുന്നു. തുടക്കത്തിൽ ചൈനയെ കുറ്റപ്പെടുത്തി 'ചൈനീസ് വൈറസ്' എന്നുവിളിച്ച് പ്രശ്നത്തെ രാഷ്ട്രീയവൽക്കരിക്കാനാണ് ട്രംപ് ശ്രമിച്ചത്. അതേസമയം സ്വന്തം രാജ്യത്ത് കൊറോണ വ്യാപനം തടയുന്ന കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചില്ല. വ്യാപാരസ്ഥാപനങ്ങൾ അടച്ചിടാൻ പറ്റില്ല എന്ന് ശഠിക്കു



കയും 25 ലക്ഷം മരണം സംഭവിക്കാവുന്നത് ഒരു ലക്ഷമാക്കി കുറക്കുമെന്നുമുള്ള വമ്പ് പറയുകയുമായിരുന്നു ട്രംപ്. എല്ലാം വ്യാപകമായിക്കഴിഞ്ഞ ശേഷം ഇന്ത്യയോട് മരുന്നിനു വേണ്ടി കെഞ്ചുകയും ഭീഷണി മുഴക്കുകയും ചെയ്യുന്ന അവസ്ഥയിലേക്ക് ട്രംപ് ചെറുതാവുകയും ചെയ്തു.




ഇന്ത്യയിൽ വളരെ നേരത്തെ തന്നെ രോഗപ്രതിരോധ സംവിധാനങ്ങൾ ശക്തമാണ് എന്നതുകൊണ്ടാണ് വ്യാപനം ദ്രുതഗതിയിൽ കുതിക്കാതെ പോയത്. പ്ളേഗ്, കോളറ, വസൂരി തുടങ്ങിയ മഹാമാരികളെ പ്രതിരോധിച്ച പരിചയം ഇന്ത്യക്കുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ലോകാരോഗ്യ സംഘടന ഇന്ത്യയെ ഇക്കാര്യത്തിൽ പ്രശംസിച്ചത് പത്രങ്ങളിലൂടെ നാം കണ്ടു. ഇന്ത്യ ഇത് നേടിയെടുത്തത് രാഷ്ട്രശിൽപികളുടെ ശക്തമായ കാഴ്ചപ്പാടിലൂടെയാണ്. പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ചിന്തകളാണ് ഇന്ത്യക്ക് രോഗപ്രതിരോധ ശേഷി നേടിക്കൊടുത്തത്. പൂനെയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി 1952ൽ നെഹ്റു സ്ഥാപിച്ചതാണ്. 1956ൽ ഡൽഹിയിൽ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസും 1958ൽ മൗലാനാ ആസാദ് മെഡിക്കൽ കോളേജും 1961ൽ ഗോവിന്ദ് വല്ലഭ് ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിച്ചത് നെഹ്റുവാണ്. നെഹ്റുവിന്റെ വിശ്വ ചരിത്രാവലോകം (Glimpses of world history) എന്ന പുസ്തകത്തിൽ അദ്ദേഹം മകൾ ഇന്ദിരക്ക് എഴുതിയ ഒരു ഭാഗം ഇങ്ങനെയാണ്: 'ശാസ്ത്രാവബോധത്തിലൂടെ മാത്രമെ ശുചിത്വം, ആരോഗ്യം, രോഗപ്രതിരോധം എന്നിവയിൽ വിജയം നേടാൻ സാധിക്കൂ.' ഇന്ത്യൻ ജനതയിൽ ആരോഗ്യരംഗത്ത് ശാസ്ത്രാവബോധം വളർന്നതുകൊണ്ടാണ് ഇന്ത്യയെ പൂർണമായും കാർന്നുതിന്നേക്കുമായിരുന്ന പല പകർച്ചവ്യാധികളിൽ നിന്നും ഇന്ത്യൻ ജനതയെ രക്ഷിച്ചത്.

പൊതുജനാരോഗ്യ മേഖലയിൽ കാര്യമായ നിക്ഷേപം നടത്തണമെന്ന നെഹ്റുവിന്റെ കാഴ്ചപ്പാടാണ് ചൈന, ക്യൂബ, തായ്‌വാൻ, വിയറ്റ്നാം, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളും അനുവർത്തിച്ചത്. ഇങ്ങനെ ലോകത്തിനു തന്നെ പകർച്ചവ്യാധികളെ നേരിടുന്നതിലും പൊതുജനാരോഗ്യ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിലും ഇന്ത്യ ഒരു വലിയ മാതൃകയാണ്. ഈ അടിത്തറയിൽ നിന്നുകൊണ്ട് ചിന്തിക്കുമ്പോൾ രാജ്യത്ത് നിലവിലുള്ള രോഗപ്രതിരോധ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ മാത്രമാണ് ഇന്ത്യയിലെ ശതകോടി ജനങ്ങളുടെ ആശ്രയം.

ഇത്രയും ശക്തമായ പൊതുജനാരോഗ്യ ശൃംഖലയെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഇപ്പോഴത്തെ പ്രധാനമന്ത്രിയും മുമ്പോട്ട് പോയിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ രോഗവ്യാപനം ശക്തമാവാതിരിക്കാനുള്ള പ്രധാനകാരണവും ഇതുതന്നെയാണ്. അതിലുപരി വൈറസ് വ്യാപനത്തിൽ നിന്നും ജഗന്നിയന്താവിന്റെ കാരുണ്യം ഇന്ത്യയിലെ ജനങ്ങളെ ഇതുവരെ സംരക്ഷിച്ചുവെന്നും നമുക്ക് ആശ്വസിക്കാം. 133 കോടി ജനങ്ങളിൽ 6000 പേർക്ക് മാത്രമാണ് ഇതുവരെ കോവിഡ് സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നത്. മരണം 178 കടന്നിരിക്കുന്നു. മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യ ഇപ്പോഴും അതിജീവനത്തിന്റെ പാതയിലാണെന്ന് കാണാൻ സാധിക്കും.

ഇന്ത്യ അതിജീവനത്തിന്റെ പാതയിലാണെങ്കിലും ഇന്ത്യൻ സമൂഹത്തെ കോവിഡിനെതിരെ ബോധവൽക്കരിക്കുന്നതിൽ തുടക്കം മുതൽ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നും വലിയ അനാസ്ഥ ഉണ്ടായിട്ടുണ്ട് എന്നത് സത്യമാണ്. സൗദി അറേബ്യയിൽ ആദ്യത്തെ കോവിഡ് കേസ് കണ്ടുപിടിക്കുന്നത് മാർച്ച് നാലിനായിരുന്നു. ലോകരാജ്യങ്ങളിൽ നിന്നുള്ള സൂചനകൾ മനസ്സിലാക്കി ഫെബ്രുവരി 26ന് തന്നെ പുതിയ ഉംറ, സന്ദർശക, തൊഴിൽ വിസകളെല്ലാം മരവിപ്പിച്ചു. സൗദിയിലെ എയർപോർട്ടുകൾ മാർച്ച് 7ന് തന്നെ അടച്ചിടുകയോ നിയന്ത്രണങ്ങൾ കൊണ്ടുവരികയോ ചെയ്തു. സാമൂഹിക വ്യാപനം തടയുന്നതിന്റെ ഭാഗമായി മക്ക, മദീന തീർത്ഥാടന കേന്ദ്രങ്ങളിലും വ്യാപാര വാണിജ്യ സമുച്ചയങ്ങളിലും നിയന്ത്രണങ്ങൾ കൊണ്ടുവന്നു. കേ




വലം മൂന്നു ദിവസങ്ങൾ കൊണ്ടാണ് ഇത്രയും നടപടികൾ കൊണ്ടുവന്നത്. എന്നാൽ ഇന്ത്യയിൽ ആദ്യത്തെ കോവിഡ് രോഗി റിപ്പോർട്ട് ചെയ്തത് ജനുവരി 29 നായിരുന്നു. അതിനു ശേഷം പല സന്ദർഭങ്ങളിലായി രോഗം റിപ്പോർട്ട് ചെയ്തു. മിക്കതും പ്രവാസലോകത്തുനിന്നും നാടണയുന്നവരിലായിരുന്നു. മാർച്ച് മൂന്നാം വാരം മാത്രമാണ് ഇന്ത്യയിലെ എയർപോർട്ടുകളിൽ നിയന്ത്രണം വരുന്നത്. രാജ്യത്തെ പൊതുജനാരോഗ്യ മേഖല സജീവമായി പ്രവർത്തിച്ചാൽ പോലും എയർപോർട്ടുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയില്ലെങ്കിൽ അത് ഓട്ടപ്പാത്രത്തിൽ വെള്ളമൊഴിക്കുന്നതിന് തുല്യമാണ് എന്ന് മനസ്സിലാക്കുന്നതിൽ ഭരണകൂടങ്ങൾ പരാജയപ്പെട്ടു.

കേരളത്തിൽ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളുണ്ട്. ഇവിടെയെവിടെയും ഒരു നിയന്ത്രണവും ഉണ്ടായിരുന്നില്ല. കേരളത്തിൽ കോവിഡ് വ്യാപനത്തിന് കാരണക്കാരായി ഇറ്റലിയിൽ നിന്നും ദുബൈയിൽ നിന്നും സൗദിയിൽ നിന്നും വന്ന ചിലരെ ചൂണ്ടിക്കാണിക്കാറുണ്ട്. യഥാർഥത്തിൽ രോഗബാധിതരായി എന്ന കാരണത്താൽ നാട്ടിലെത്തിയ പ്രവാസികളെ കുറ്റപ്പെടുത്തുന്ന ശൈലിയാണ് പൊതുസമൂഹം സ്വീകരിച്ചത്. അതേസമയം എയർപോർട്ടുകളിൽ എത്തുന്നവരെ പരിശോധിക്കാനോ അവരെ ഐസൊലേഷൻ കേന്ദ്രങ്ങളിലേക്ക് മാറ്റുവാനോ ആരും തയ്യാറായതുമില്ല. അധികാരികൾ അല്ലെങ്കിൽ പൊതുസമൂഹം ഒരു ഉത്തരവാദിത്തവും നിർവഹിക്കാതെ രാജ്യത്തിന് വിദേശനാണ്യം നേടിക്കൊടുക്കുന്ന, നാട്ടുകാർക്കും വീട്ടുകാർക്കും വേണ്ടി ജീവിക്കുന്ന പ്രവാസികളെ കോവിഡ് വ്യാപനത്തിന്റെ കാരണക്കാരായി മുദ്രകുത്തിയത് അക്ഷന്തവ്യമായ അപരാധമാണ്.

പ്രവാസികൾക്ക് ശേഷം കടുത്ത ആരോപണം നേരിടേണ്ടി വന്നത് തബ്ലീഗ് ജമാഅത്ത് എന്ന സംഘടനയാണ്. രാജ്യത്താകമാനം കോവിഡ് പടർത്തിയത് ഡൽഹിയിൽ നടന്ന തബ്ലീഗ് ജമാഅത്തിന്റെ സമ്മേളനമാണ് എന്ന ആരോപണമാണ് മീഡിയകൾ ഏറ്റുപടിച്ചത്. ഇതിനു പിന്നിൽ പ്രധാനമായും രണ്ടു ലക്ഷ്യങ്ങളാണുള്ളത്. കേന്ദ്ര സർക്കാരിന്റെയും ദൽഹി സർക്കാരിന്റെയും അലംഭാവം മൂടിവെക്കുകയാണ് ഒന്ന്. രണ്ടാമത്തെ കാര്യം കിട്ടിയ അവസരത്തിൽ ഒരു മുസ്‌ലിം സംഘടനയെ ഭീകരമായി ചിത്രീകരിച്ചുകൊണ്ട് ഇസ്‌ലാമോഫോബിയ പ്രചരിപ്പിക്കുക എന്നതാണ്. കൊറോണജിഹാദ്, തബ്ലീഗ്കോവിഡ് തുടങ്ങിയ പ്രയോഗങ്ങളെല്ലാം ഇങ്ങനെ കടന്നുവന്നതാണ്. കേരള മുഖ്യമന്ത്രിയടക്കം രാജ്യത്തെ മതേതര സമൂഹം ഈ നീക്കത്തെ ശക്തമായി അപലപിക്കുകയുണ്ടായി എന്നത് ശുഭോദർക്കമാണെങ്കിലും യു.പി മുഖ്യമന്ത്രി അടക്കമുള്ള കേന്ദ്രസർക്കാർ ലോബികൾ ശത്രുതാപരമായ സമീപനമാണ് മുസ്‌ലിം സമൂഹത്തിനെതിരെ സ്വീകരിച്ചിരിക്കുന്നത്. കൊലപാതക ശ്രമങ്ങൾ അടക്കമുള്ള കടുത്ത വകുപ്പുകൾ ചാർത്തി ദേശീയ സുരക്ഷാ നിയമം (NSA) അനുസരിച്ച് തബ്ലീഗ് നേതാക്കൾക്കെതിരെ കേസെടുത്തിരിക്കുകയാണ് യു.പി ഭരണകൂടം.

തബ്ലീഗ് സമ്മേളനം മാർച്ച് 8 മുതൽ 15 വരെയുള്ള ദിവസങ്ങളിലാണ് നടന്നത് എന്നാണ് വിലയിരുത്തപ്പെടുന്നത്. മാർച്ച് 16 ന് മാത്രമാണ് ഡൽഹി മുഖ്യമന്ത്രി കേജ്‌രിവാൾ 50 ആളുകളിൽ കൂടുതൽ ഒരുമിച്ചുകൂടരുത് എന്ന ഉത്തരവ് പുറപ്പെടുവിക്കുന്നത്. മാർച്ച് 18ന് ആയിരുന്നു രാഷ്ട്രപതി യു. പിയിലെയും രാജസ്ഥാനിലെയും എം.പിമാർക്ക് പ്രാതൽ വിരുന്നൊരുക്കുന്നത്. കോവിഡ് പോസിറ്റിവ് ആണെന്ന് കണ്ടെത്തിയ ബോളിവുഡ് ഗായിക കനിക കപൂറിന്റെ കൂടെ വേദി പങ്കിട്ട ബി.ജെ.പി നേതാവ് ദുഷ്യന്ത് സിംഗും രാഷ്ട്രപതിയുടെ പാർട്ടിയിൽ പങ്കെടുക്കുകയുണ്ടായി. ഇതിനർഥം മാർച്ച് 16 ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് അത്രമാത്രം ഗൗരവമുള്ളതായിരുന്നില്ല എന്നല്ലേ? അല്ലെങ്കിൽ രാജ്യത്തി

ന്റെ പ്രഥമ പൗരൻ തന്നെ സർക്കാർ ഉത്തരവ് ലംഘിച്ചു എന്നാണോ മനസ്സിലാക്കേണ്ടത്! കർണാടക മുഖ്യമന്ത്രി മാർച്ച് 15ന് പങ്കെടുത്ത കല്യാണവിരുന്നിൽ ആയിരത്തിലധികം പേർ പങ്കെടുത്തിട്ടുണ്ട്. മാർച്ച് 22ലെ ജനതാ കർഫ്യുവിന്റെ പിറ്റേന്നാണ് നൂറുകണക്കിന് ആളുകൾ പങ്കെടുത്ത, മധ്യപ്രദേശ് മുഖ്യമന്ത്രിയുടെ സ്ഥാനാരോഹണ ചടങ്ങ് നടന്നത്. ഇതേ കാലയളവിലാണ് യോഗി ആദിത്യനാഥിന്റെ നേതൃത്വത്തിൽ ചൈത്ര റാം നവമി ആഘോഷങ്ങൾ നടന്നത്. മോഡിയുടെ ആഹ്വാനപ്രകാരം പാത്രം മുട്ടാനായി തെരുവോരങ്ങളിൽ ജനങ്ങൾ തടിച്ചുകൂടിയതും ഇതേസമയത്തു തന്നെ! ഇവർക്കെതിരെ ഒരു പെറ്റി കേസുപോലും എടുത്തിട്ടില്ല. സർക്കാരോ ജനങ്ങളോ പൊതുവിൽ കോവിഡിനെ അത്ര വലിയ കാര്യമായി കണ്ടിരുന്നില്ല എന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്.

രോഗവ്യാപനത്തെ കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തിയിരുന്നെങ്കിൽ രോഗവ്യാപനം കുറെയൊക്കെ നിയന്ത്രിക്കാമായിരുന്നു. എന്നാൽ ബോധവൽക്കരണം നടത്തേണ്ട ഭരണാധികാരികൾ തന്നെ അലംഭാവത്തോടെ ആൾക്കൂട്ട പരിപാടികൾക്ക് നേതൃത്വം നൽകുകയായിരുന്നു. കുറ്റപ്പെടുത്താൻ തുനിഞ്ഞാൽ ഒരാൾ പോലും കുറ്റത്തിൽ നിന്നൊഴിവാകില്ല എന്ന് എല്ലാവരും മനസ്സിലാക്കണം.

കേരളത്തിലും മുസ്‌ലിം സംഘടനകൾ മാർച്ച് 21 വരെ കൃത്യമായ നിലപാടുകൾ സ്വീകരിച്ചിരുന്നില്ല. ചില പള്ളികൾ മാർച്ച് 20ന് ജുമുഅ നിർത്തിവെച്ചിരുന്നു. അപ്പോൾ പിന്നെ തബ്‌ലീഗിനെ മാത്രം വിമർശിക്കാനുള്ള അവസരമായി ഇതിനെ കാണുന്നത് നീതിയല്ല. കൂട്ടം കൂടാൻ പാടില്ലെന്നും സാമൂഹിക അകലം പാലിക്കണമെന്നും ഇല്ലെങ്കിൽ രോഗവ്യാപനം ശക്തിയാർജിക്കുമെന്നുമൊക്കെയുള്ള ബോധം ആർക്കും ഉണ്ടായിരുന്നില്ല എന്നതാണ് വസ്തുത. ഏതെങ്കിലും ഒരു വിഭാഗത്തെ കുറ്റപ്പെടുത്തി മറ്റുള്ളവർ നല്ലപിള്ള ചമയുന്നത് നന്നല്ല.




ആദർശപരമായോ സംഘടനപരമായോ ഉള്ള വിയോജിപ്പുകളെ മുൻനിറുത്തി പരസ്പരം വിമർശിക്കാനുള്ള അവസരമായി ഇതിനെ കാണരുത്. അതേ സമയം എല്ലാവർക്കും അവരവരുടെ ആശയങ്ങൾ വലുതാണല്ലോ എന്ന ധാരണയിൽ യഥാർഥ വിശ്വാസത്തിലേക്ക് ചേക്കേറിയ അന്ധവിശ്വാസങ്ങൾ രോഗവ്യാപനത്തിന് കാരണമായിക്കൂടാ. ഇത്തരം സന്ദർഭങ്ങളിൽ മുഖം നോക്കാതെ; മത, ജാതി, രാഷ്ട്രീയ പരിഗണനകളില്ലാതെ നടപടി സ്വീകരിക്കുകയാണ് വേണ്ടത്. രോഗം തന്നത് ദൈവമാണെങ്കിൽ ദൈവം തന്നെ അത് സുഖപ്പെടുത്തുമെന്ന് വിശ്വസിക്കുന്നവർ സമൂഹത്തിലുണ്ട്. രോഗത്തിന് ചികിൽസിക്കാനും പകരാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിക്കാനുമാണ് ഇസ്‌ലാം പഠിപ്പിച്ചിട്ടുള്ളത്. രോഗം പകരാതിരിക്കുന്നതിന്റെ ഭാഗമായാണ് ജുമുഅ ജമാഅത്തുകൾ നിർത്തിവെച്ചത്. പള്ളികൾ അടച്ചുപൂട്ടിയത്. പകർച്ചവ്യാധിയുടെ കാലത്ത് പള്ളികളിൽ കൂട്ടത്തോടെ ആരാധന നിർവഹിക്കപ്പെടുന്നത് ഇസ്‌ലാമിക ദൃഷ്ട്യാ കുറ്റകരമാണെന്ന് തുറന്നു പറയാനാണ് എല്ലാ വിഭാഗങ്ങളിലെയും ഇസ്‌ലാമിക പണ്ഡിതർ തയ്യാറാവേണ്ടത്.

ദൈവം തന്നത് ദൈവം എടുത്തുകൊള്ളുമെന്ന് വിശ്വസിച്ചുകൊണ്ട് ആരെങ്കിലും പുറത്തേക്കിറങ്ങുന്നുവെങ്കിൽ 'വണ്ടേ നീയോ തുലയുന്നു, വീണൊരീ വിളക്കും കെടുത്തുന്നിതേ' എന്ന കവിതാശകലം മാത്രമാണ് അവരെ ഓർമിപ്പിക്കാനുള്ളത്.

കോവിഡ് വ്യാപനത്തിന്റെ യഥാർഥ കാരണം മുൻവിധികളില്ലാതെ ആത്മാർഥമായി വിലയിരുത്തിയും തെറ്റുകൾ തിരുത്തിയും മുന്നോട്ട് പോകാൻ സർക്കാരുകളും പൊതുജനങ്ങളും രാഷ്ട്രീയ നേതാക്കളും സംഘടനകളും മതപണ്ഡിതരും ആരോഗ്യപ്രവർത്തകരും ഇനിയും തയ്യാറായില്ലെങ്കിൽ മഹാദുരന്തമായിരിക്കും വരാനിരിക്കുന്നത്. ക്വുർആൻ നമ്മെ ഓർമപ്പെടുത്തുന്നു: 'മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരു വേള മടങ്ങിയേക്കാം' (ക്വുർആൻ 30:41).

ഡോ.യാസിർ
mail@nerpatham.com



# കൊറോണ വൈറസ്: ഒരെത്തിനോട്ടം

**ലോ**കം കൊറോണ ഭീതിയിലാണ്. കൊറോണ എന്ന സൂക്ഷ്മ ജീവി സകല അതിർത്തികളും ബേദിച്ച് ലോകത്ത് പടർന്നു പിടിച്ചുകൊണ്ടിരിക്കുന്നു. ലോകാരോഗ്യ സംഘടന ഇതിനെ ഒരു മഹാമാരിയായി പ്രഖ്യാപിച്ചു കഴിഞ്ഞു. ജനങ്ങൾ ആശങ്കയിലും വ്യാകുലതയിലുമാണ്. സോഷ്യൽ മീഡിയകളിൽ വേണ്ടുവോളം ചർച്ചകൾ നടക്കുന്നു. ഇതിൽ പലതും ഉപകാരപ്രദമാണെങ്കിലും പലതും യാഥാർഥ്യത്തോട് ഒരു നീതിയും പുലർത്തുന്നില്ല. ഈയൊരു സാഹചര്യത്തിൽ, ഈ വ്യാധിയെക്കുറിച്ച് സുവ്യക്തമായ ഒരു വിവരണം നൽകുക എന്നുള്ളത് ഒരു ബാധ്യതയായി കണക്കാക്കിയാണ് ഈ കുറിപ്പ് തയ്യാറാക്കുന്നത്.

Corona virioae എന്ന ഫാമിലിയിൽ പെട്ട ഒട്ടനേകം വൈറസുകളിൽ ഒന്നാണ് ഇപ്പോൾ വ്യാപിച്ചിരിക്കുന്ന ഈ വൈറസ്. ഏഴോളം Spiciesകളാണ് സാധാരണയായി മനുഷ്യരിൽ രോഗങ്ങൾ ഉണ്ടാക്കുന്നത്. ഇതിൽ ശ്രദ്ധേയമായത് മൂന്നെണ്ണമാണ്; 2002ൽ ചൈനയിൽ നിന്നും ഉൽഭവിച്ച SARS വൈറസ്, 2012ൽ Middle eastൽ പടർന്നുപിടിച്ച Mers virus, പിന്നീട് 2019 ഇപ്പോൾ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന Covid 19 എന്നിവ.

ജലദോഷം പോലെയുള്ള ചെറിയ രോഗങ്ങൾ മുതൽ ന്യൂമോണിയ പോലെയുള്ള വലിയരോഗങ്ങൾ വരെ ഉണ്ടാകുന്നതിന് ഇത് കാരണമാകുന്നു. മൃഗങ്ങളിൽ നിന്നാണ് ഇത് ഉൽഭവിച്ചതെന്നാണ് കരുതപ്പെടുന്നത്. (Reservoir host) reservoirകളിൽ നിന്ന് ഇത് ഒരു പക്ഷേ, ഒരു Intermediate hostലേക്ക് ഇത് പടർന്നുപിടിച്ചിരിക്കാം. ഈ hostമായുള്ള അടുത്ത സമ്പർക്കത്തിലൂടെയാണ് ഇത് മനുഷ്യരിലേക്ക് പടർന്നു പിടിക്കുന്നത്.

Covid 19 ഒരു Novel virus ആണ്. Novel വൈറസുകൊണ്ടുദ്ദേശിക്കുന്നത് മുമ്പൊരിക്കലും മനുഷ്യരിൽ രോഗം ഉണ്ടാക്കാത്ത വൈറസിനെയാണ്. ഇപ്പോൾ പടർന്നുപിടിച്ചിരിക്കുന്ന ഈ വൈറസ്, വവ്വാലുകളിൽ നിന്നാണ് ഉൽഭവിച്ചതെന്ന് കരുതപ്പെടുന്നു. Pangolin (ഉടുമ്പ് പോലെയുള്ള ഒരു ഉരഗ ജീവി) പോലെയുള്ള, ഉരഗ ജീവികളാണ് Intermediate host എന്നുമാണ് നിഗമനം. മേൽ പറഞ്ഞ ഈ ജീവികളിൽ നിന്നാണ് മനുഷ്യരിലേക്ക് ഇത് പടർന്നതെന്നാണ് ഇപ്പോൾ പുറത്തുവരുന്ന പഠനങ്ങൾ വ്യക്തമാക്കുന്നത്. തുടക്കത്തിൽ ഇത് മൃഗങ്ങളിൽ നിന്നാണ് മനുഷ്യരിലേക്ക് പടർന്നുപിടിച്ചതെങ്കിലും, പിന്നീട് ഇത് മനുഷ്യരിൽനിന്ന് മനുഷ്യരിലേക്ക് പടർന്നുകൊണ്ടിരിക്കുന്നു. മനുഷ്യരിൽ ഇത് പ്രധാനമായും മൂന്ന് വഴികളിലൂടെയാണ് പകരുന്നത്. Droplet infection(തുള്ളികളിലൂടെ) ആണ് ഒന്ന്. ഒരു രോഗി ചുമക്കുമ്പോൾ തെറിച്ചുവീഴുന്ന തുള്ളികളെയാണ് Droplet infection കൊണ്ടുദ്ദേശിക്കുന്നത്. ശാസ്ത്രീയ പഠനങ്ങൾ തെളിയിക്കുന്നത് ഇത് 68 അടിവരെ സഞ്ചരിക്കുമെന്നതാണ്. ഈ പരിധിയിൽ ആരെങ്കിലും ഉണ്ടെങ്കിൽ രോഗം പടരാനുള്ള സാധ്യതയേറെയാണ്. രണ്ടാമത്തേത്, സ്പർശനങ്ങളിലൂടെയാണ്. ഇതിൽ ഏറ്റവും വലിയ റോൾ വഹിക്കുന്നത് നമ്മുടെ കൈകൾ തന്നെ. രോഗാണുക്കൾ പതിയിരിക്കുന്ന പ്രതലങ്ങൾ സ്പർശിക്കുന്നതിലൂടെ രോഗം പടരാനുള്ള സാധ്യതകൾ നിലനിൽക്കുന്നു. ഇപ്പോൾ പുറത്തുവരുന്ന പഠനങ്ങൾ തെളിയിക്കുന്നത്, ഇത് 4 മണിക്കൂർ വരെ Copper surfaceലും 24 മണിക്കൂർ വരെ Cardboardലും 23 ദിവസങ്ങൾ Plasticലും Stainless steelലും ഇതിന് അതിജീവിക്കാൻ കഴിയുമെന്നാണ്. മൂന്നാമത്തേത് വായുമാർഗമാണ്. ഒരു രോഗി തുമ്മുമ്പോൾ, അല്ലെങ്കിൽ ചുമക്കുമ്പോൾ തെറിച്ചുവീഴുന്ന തുള്ളികളിൽ നിന്ന്, 34 മണിക്കൂർ വരെ വായുവിൽ തങ്ങിനിൽക്കാൻ ഇതിന് സാധിക്കുന്നു. രോഗം ബാധിച്ച ഒരാളിൽ നിന്ന് 1 മുതൽ 5 വരെ ആളുകളിലേക്ക് ഇത് പടരുമെന്നാണ് ഇതുവരെ ലഭ്യമായ പഠനങ്ങൾ സൂചിപ്പിക്കുന്നത്.

ഒരാളിൽ വൈറസ് പ്രവേശിച്ചതിന് ശേഷം 2 മുതൽ 14 വരെ ദിവസങ്ങൾക്കുള്ളിൽ, രോഗലക്ഷണങ്ങൾ കാണിച്ച് തുടങ്ങും. ഇത് അധികമാളുകളിലും ചെറിയ ഒരു ജലദോഷ പനി മുതൽ ഒരു ചെറിയ കൂട്ടം ആളുകളിൽ ന്യൂമോണിയവരെ ഉണ്ടാക്കുന്നു. വൈറസ് ബാധിച്ചവരിൽ അധികമാളുകളിലും രോഗലക്ഷണങ്ങൾ ഉണ്ടാവണമെന്നില്ല. (Asymptomatic carriers). ഇത് ഏകദേശം 60% വരെയാണെന്നാണ് കണക്കാക്കപ്പെടുന്നത്. 40% ആളുകളിൽ ഇത് രോഗലക്ഷണത്തിന് കാരണമാകുന്നു.

### രോഗലക്ഷണങ്ങളുടെ തീവ്രതയുടെ ചാർട്ട്

| ലക്ഷണങ്ങൾ | ശതമാനം |
|---|---|
| MILD | 81% |
| SEVERE | 14% |
| CRITICAL | 5% |



**രോഗലക്ഷണങ്ങൾ ശതമാനത്തിൽ**

| ലക്ഷണങ്ങൾ | ശതമാനം |
|---|---|
| പനി | 99% |
| ക്ഷീണം | 70% |
| തൊണ്ടവേദന | 65% |
| ചുമ | 60% |
| വിശപ്പില്ലായ്മ | 40% |
| പേശിവേദന | 35% |
| ശ്വാസംമുട്ട് | 31% |
| കഫം | 27% |
| ഡയേറിയ | 5% |
| ഛർദി | 3% |

നാം നേരത്തെ സൂചിപ്പിച്ചത് പോലെ ഏകദേശം 5% ആളുകളിൽ മാത്രമാണ് രോഗം മൂർച്ചിച്ച് ഒരു Critical stageലേക്ക് എത്തുന്നത്. ഈ ചെറിയ ഗണത്തിൽ ചില Complicationഉം കണ്ടുവരുന്നു.

Acote respiratory distress syndrome

Acote respiratory failure

Acute caroiac injury (myocaroitis

Caroiac arrythmias

Secondary infection and sepsis

Acute kioney injury

Septic shock

Dic (disseminated intravascular coagulation)

ഗർഭിണികളിൽ കോംപ്ലിക്കേഷൻസ് കൂടുതലായി കാണുന്നു. അതിന് പുറമെ രോഗം ഗർഭസ്ഥ ശിശുവിലേക്ക് പടർന്നുപിടിക്കുമെന്നും പഠനങ്ങൾ തെളിയിക്കുന്നു.

സാധാരണഗതിയിൽ മരണ നിരക്ക് 1-5% വരെ മാത്രമാണെന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. പ്രായമുള്ളവരിൽ മരണനിരക്ക് കൂടുതലാണെന്നാണ് ഇപ്പോൾ പുറത്തുവരുന്ന പഠനങ്ങൾ തെളിയിക്കുന്നത്. 70-79വരെ പ്രായക്കാരിൽ 8%വരെയും 80ന് മുകളിൽ ഇത് 15% ശതമാനം വരെയുമാണെന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്.

80% രോഗികളിലും ചികിത്സ ആവശ്യമായിവരികയില്ല. അസുഖം മൂർച്ചിച്ച 20% ആളുകളിലാണ് ഈ Treatment ആവശ്യമായിവരുന്നത്. അധികമാളുകളിലും Supportive treatment ആണ് നൽകുന്നത്. എന്നുവെച്ചാൽ പനി, ചുമ, ശ്വാസം മുട്ട് എന്നിവ പോലെയുള്ള രോഗലക്ഷണങ്ങൾക്കുള്ള ചികിത്സ. അതോടൊപ്പം Vitamin c zinc lozenges എന്നിവയും നൽകിപ്പോരുന്നു. 5%ൽ താഴെവരുന്ന Critical casesൽ മാത്രമാണ് Anti-viral treatment നൽകുന്നത്. ഇപ്പോൾ ലഭ്യമായ മരുന്നുകൾ എത്രത്തോളം ഫലപ്രദമാണെന്ന് വ്യക്തമായ അറിവ് ഇന്ന് ലഭ്യമല്ല. പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

Interferon2, lopinavir / ritonavir, chloroquine / hydroxychloroquine, Daruan vircobistat, remdesvir, arborol, Atazanavir, fevipiravir, quercetin എന്നീ മരുന്നുകൾ പരീക്ഷണാർഥം ഉപയോഗിച്ചുവരുന്നുണ്ട്.

ചികിത്സ എത്രത്തോളം ഫലപ്രദമാണെന്ന് വ്യക്തമല്ലാത്ത ഈ സന്ദർഭത്തിൽ, ഇതിനെ ഫലപ്രദമായി പ്രതിരോധിക്കുന്നതാണ് ബുദ്ധി. ഇതിൽ പ്രധാനമായി നാം കൈക്കൊള്ളേണ്ട ചിലകാര്യങ്ങൾ കൂടി സൂചിപ്പിക്കാം. Prevention is better than cure എന്നാണല്ലോ ചൊല്ല്.

1. കൈ വൃത്തിയായി സൂക്ഷിക്കുക. കൈ ഉപയോഗിച്ച ശേഷം, സോപ്പിട്ട് കഴുകുകയോ Alcohol based sanitiser ഉപയോഗിക്കുകയോ ചെയ്യുക.

2. രോഗിയുമായോ രോഗലക്ഷണങ്ങൾ ഉള്ളവരുമായോ ഉള്ള സമ്പർക്കം ഒഴിവാക്കുക.

3. രോഗബാധിതർ വീടുകളിലോ Isolation wardകളിലോ മാത്രം കഴിയുക.

4. ചുമയും തുമ്മലും പരമാവധി Cover ചെയ്യുക.

5. രോഗലക്ഷണങ്ങൾ ഉള്ളവരും ഇല്ലാത്തവരും Face mask ഉപയോഗിക്കുക.

6. സാധാരണയായി പെരുമാറുന്ന പ്രതലങ്ങൾ Disinfect ചെയ്യുക.

(Eg: Table Door Handles, Switches, KeyBoards, Mobile Phones, Toilet, Kitchen Equepments... തുടങ്ങിയവ).

7. രോഗലക്ഷണങ്ങൾ ഉള്ളവർ എത്രയും പെട്ടെന്ന്, ആരോഗ്യമന്ത്രാലയവുമായി ബന്ധപ്പെടുക.

ഇത്രയുമാണ് ഈ വൈറസ് ബാധയെക്കുറിച്ച് പ്രാഥമികമായി നാം മനസ്സിലാക്കേണ്ടത്. അനാവശ്യമായ ഭയവും വ്യാകുലതകളും ഒഴിവാക്കി, സമയത്തിനൊത്ത് ഉൽബുദ്ധരായി പ്രവർത്തിക്കുക എന്നുള്ളതാണ് നമുക്ക് ചെയ്യാൻ പറ്റുന്ന ഏറ്റവും വലിയ കാര്യം. രോഗം വരുന്നത് ഒരു കുറ്റമല്ല. പക്ഷേ, നമ്മുടെ അശ്രദ്ധമൂലം രോഗം പടർത്തുന്നത് വലിയ കുറ്റം തന്നെയാണ്. അതിനാൽ വിവേകത്തോടെയുള്ള സമീപനമാണ് ഈ ബാധയുടെ കാര്യത്തിലും നാം കൈക്കൊള്ളേണ്ടത്.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com




# ചതിക്കപ്പെടുന്ന നിഷ്കളങ്കർ

അയാളുടെ പ്രകൃതിക്കനുസരിച്ചുള്ള ഭാവമായിരുന്നില്ല ആ മുഖത്ത്. തളർന്നു പരവശനായി ദയനീയമായ അവസ്ഥയിലായിരുന്നു അയാൾ. ഉയരംകൂടിയ, അതിനൊത്ത തണ്ടുംതടിയുമുള്ള, ഓഫീസിൽ എന്റെ  മുന്നിലിരിക്കുന്ന ആ മനുഷ്യന്റെ മുഖത്ത് സങ്കടവും ഉണ്ടായിരുന്നു. നികുതി കുടിശ്ശിക അടച്ചു തീർക്കാൻ സാവകാശം തേടിയാണ് അയാൾ എത്തിയത്.

കുറച്ചു കൊല്ലങ്ങൾക്ക് മുമ്പ് ഒരു ചെറിയ വസ്ത്രവ്യാപാര സ്ഥാപനത്തിന്റെ മാനേജർ ആയിരുന്നു അയാൾ. വലിയ ശമ്പളം ഇല്ലെങ്കിലും ജീവിച്ചുപോകാനുള്ളത് കിട്ടിയിരുന്നു. കുറച്ച് കൂടിയ ശമ്പളം വാഗ്ദാനം ചെയ്ത് മറ്റൊരു സ്ഥാപനയുടമ അയാളെ  സമീപിച്ചു.

താരതമ്യേന മെച്ചപ്പെട്ട ജോലി ആയതുകൊണ്ട് പുതിയത് സ്വീകരിച്ചു. അന്യസംസ്ഥാനക്കാരനായ ഒരാളായിരുന്നു ഉടമ.

കുറച്ചു മാസം കൃത്യമായി ശമ്പളം കിട്ടി. ഒരു നാൾ  മുതലാളി വന്നത് നിരാശയോടെ ആയിരുന്നു. അദ്ദേഹത്തിന് കേരളത്തിൽ കച്ചവടം ചെയ്യാൻ നികുതി വകുപ്പ് രജിസ്ട്രേഷൻ എടുക്കാനുള്ള പ്രയാസത്തെക്കുറിച്ച് ഏറെ നേരം സംസാരിച്ചു. അധികാരികൾ ആവശ്യപ്പെടുന്ന അനിവാര്യമായ രേഖകൾ സംഘടിപ്പിക്കാൻ കുറെ സമയം എടുക്കുമെന്നും അപ്പോഴേക്കും കിട്ടിയ മേൽക്കൂര നിർമാണ സാധങ്ങളുടെ വിതരണ ഓർഡറുകൾ കൈവിട്ടു പോകുമെന്നും അയാൾ സങ്കടപ്പെട്ടു.

തന്റെ രേഖകൾ കൊടുക്കാമോയെന്ന മുതലാളിയുടെ ചോദ്യം കേട്ട് ആദ്യം അയാൾ ഞെട്ടി. പിന്നെ രേഖകളിൽ മാത്രമെ അയാൾ ഉണ്ടാകൂവെന്നും ബാക്കിയെല്ലാ കാര്യങ്ങളും മുതലാളി ചെയ്യുമെന്നുള്ള ഉറപ്പിൽ ആ സാധു വീണുപോയി.

നിഷ്കളങ്കനായ അയാൾ ആവശ്യപ്പെട്ട രേഖകൾ സംഘടിപ്പിച്ചു കൊടുത്തു. നിർദേശിക്കപ്പെട്ട രേഖകളിലെല്ലാം ഒപ്പിട്ടു കൊടുത്തു. ഏതാനും മാസങ്ങൾ വലിയ കുഴപ്പമില്ലാതെ സ്ഥാപനം നടന്നു. സമീപത്തെ ആശുപത്രി സമുച്ചയത്തിലേക്ക് വരെ സാധനങ്ങൾ വിതരണം ചെയ്തു.



എന്നാൽ പിന്നീട് ബിസിനസ് കുറഞ്ഞു. അയാൾക്ക് ശമ്പളം വൈകിത്തുടങ്ങി. പിന്നെ മുടങ്ങി. ശരിയാക്കാം, ശരിയാക്കാം എന്നു പറഞ്ഞെങ്കിലും മുതലാളിയുടെ വരവ് കുറഞ്ഞു. ബന്ധം ഫോണിൽ മാത്രമായി. പിന്നെ അതും ഇല്ലാതായി. അങ്ങോട്ട് വിളിച്ചാലും ഫോൺ  എടുക്കാതായി.

ജോലിയും കൂലിയും ഇല്ലാതായ അയാൾ പണ്ടുള്ള ജോലി കളഞ്ഞതിൽ പരിതപിച്ച് വിട പറഞ്ഞു. മറ്റൊരു ഒരു കമ്പനിയിൽ സാധനങ്ങൾ കൊണ്ടുനടന്ന് വിൽക്കുന്ന സെയിൽസ്മാനായി. മാതാപിതാക്കളും ഭാര്യയും മക്കളുമുള്ള ജീവിതം ഉന്തിത്തള്ളി മുന്നോട്ട് നീക്കി.

ആയിടെയാണ് സ്ഥാപനത്തിലെ അര ലക്ഷത്തിലേറെ രൂപ നികുതി കുടിശ്ശിക അടവാക്കാൻ  ആവശ്യപ്പെട്ട് ജപ്തി നടപടികളുമായി റവന്യൂവകുപ്പ് ജീവനക്കാരെത്തിയത്. പഴയ മുതലാളിയുടെ ശരിയായ വിലാസം പോലും ആ പാവത്തിന്റെ കയ്യിലുണ്ടായിരുന്നില്ല. ഒടുക്കം വീട്ടുകാരറിയാതെ കടം വാങ്ങി അത് അടച്ചുതീർത്തു. ആ കടം ഇപ്പോഴും തീർന്നിട്ടില്ല. അപ്പോഴാണ് ഇനിയും ലക്ഷത്തിലേറെ അടയ്ക്കാനുള്ള കുടിശ്ശികയുടെ കാര്യമറിയുന്നത്. കരുത്തനായ അയാളുടെ വാക്കുകൾ ദുർബലമായിരുന്നു. അറിയാതെ നിറഞ്ഞ കണ്ണുകൾ മറയ്ക്കാനുള്ള അയാളുടെ ശ്രമം വിജയിച്ചില്ല.

കുടിശ്ശിക ഒഴിവാകില്ല എന്ന്  അറിയാമായിരുന്നിട്ടും അടക്കാൻ സാവകാശം ആവശ്യപ്പെട്ടു. പൂർണ പലിശ ഇളവും നികുതി. തുകക്ക്  ഇൻസ്റ്റാൾമെന്റ് നൽകാനുള്ള ഉത്തരവും നൽകി അയാളെ സമാധാനിപ്പിച്ചു തിരിച്ചയച്ചു.

നിർദിഷ്ട കാലാവധിക്കുള്ളിൽ പണമടച്ചു തീർക്കാൻ ആ സാധുവിന്  സാധിക്കില്ലെന്ന് എനിക്ക് ഉറപ്പായിരുന്നു, അയാൾക്കും! മുതലാളിയെ വിശ്വസിച്ചു എന്ന തെറ്റ് മാത്രമാണ് ആ നിഷ്കളങ്കൻ ചെയ്തത്. ഇതുപോലെ ചതിയിൽ പെട്ട അനവധി പേർ നമുക്ക് ചുറ്റിലുമുണ്ട്. കടം വാങ്ങാൻ വാക്കാൽ കൂടെ നിന്നവർ. പണം തിരിച്ചടക്കാതെ മുങ്ങിയപ്പോൾ കുടുങ്ങിയവർ. കോടതിയിൽ ജാമ്യം നിന്ന് പ്രതി അറിയാതെ മുങ്ങിയതിനാൽ കെണിയിൽ അകപ്പെട്ടവർ. ലോണിന് ജാമ്യം നിന്ന് കുടുങ്ങി ശമ്പളത്തിൽ നിന്ന് പണം നഷ്ടപ്പെടുന്നവർ. പണ, വസ്തു ഇടപാടിൽ രേഖാമൂലം ജാമ്യം നിന്നവർ... ഇങ്ങനെ പലരുടെയും നല്ല വാക്കിലും വാഗ്ദാനങ്ങളിലും വീണ് പണവും മാന്യതയും സമാധാനവും നഷ്ടപ്പെട്ടവർ നമുക്ക് ചുറ്റും ധാരാളം ഉണ്ട്. ചതിക്കപ്പെടാൻ ഇനിയും നിഷ്കളങ്കർ ഉണ്ടെന്നതാണ് ചതിക്കാൻ തുനിയുന്നവരുടെ കരുത്ത്.

കെ.ഇ.എൻ കുഞ്ഞഹമ്മദ്
ഡോ. സി. മുഹമ്മദ് റാഫി






# 5 ഫാഷിസം, ജനാധിപത്യം, മതനിരപേക്ഷത

*ഇന്ത്യയിൽ നിലവിൽ ദളിത്-മുസ്‌ലിം സംഘശക്തി മുന്നോട്ടുവരുന്ന സ്ഥിതിവിശേഷം പൊതുവെ വളർന്നുവന്നുകൊണ്ടിരിക്കുന്നുണ്ട്. മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പലപ്പോഴും അരികുവത്കരിക്കുന്നതുകൊണ്ടാണ് ആ ഒരു ശക്തി വേണ്ടത്ര explore ചെയ്യപ്പെടാതെ പോകുന്നത്. നമ്മൾ സംസാരിച്ചുകൊണ്ടിരിക്കുന്നത് ദളിത് സംഘടനകൾ നടത്തുന്ന ഒരു ഹർത്താലിന്റെ ദിനത്തിലാണ്. പക്ഷേ, ഹർത്താലിന്റെ പ്രതീതി പുറത്തെവിടെയും ഇല്ല. എന്തുകൊണ്ടാണ് ഫാഷിസം ഇത്രമേൽ പത്തിവിടർത്തിക്കഴിഞ്ഞ സാഹചര്യത്തിലും ഇടതുപക്ഷവും കോൺഗ്രസ്സും മുസ്‌ലിം ലീഗുമെല്ലാം ഈ മുസ്‌ലിം-ദളിത് പോരാട്ടങ്ങളെ ശക്തമായി പിന്തുണയ്ക്കാത്തത്? പലപ്പോഴും ഈ മുന്നേറ്റത്തെ പിന്തുണയ്ക്കുന്നത് മുഖ്യധാരയിൽനി*




രത്തിലുള്ള ആവർത്തനമായിട്ട് അതിനെ പ്രതിരോധിക്കാൻ കഴിയുമോ എന്നത് വലിയൊരു സംവാദ വിഷയമായിട്ട് തുടരുകയാണ്. അപ്പോൾ ഇവിടെ ഏറ്റവും പ്രധാനമായിട്ടുള്ളൊരു പ്രശ്നമെന്താണെന്ന് പറഞ്ഞാൽ അടിച്ചമർത്തപ്പെടുന്ന ജനതയാണ്. ഉദാഹരണമായിട്ട് മുസ്‌ലിംകൾ, ദളിതർ, സ്ത്രീകൾ. അവർ പ്രത്യേക പ്രശ്നം അനുഭവിക്കുന്നു എന്നുള്ളത് പരാമർഥമാണ്. ഇപ്പോൾ തന്നെ നിലവിലുള്ള നിയമം നോക്കിക്കഴിഞ്ഞാൽ അത് മുസ്‌ലിംകളെ തന്നെയാണ് പ്രത്യക്ഷത്തിൽ ലക്ഷ്യം വെക്കുന്നത്. പരോക്ഷമായി അത് മറ്റുള്ളവരെയും ബാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു പ്രധാന പ്രശ്നം ഇതാണ്; ഒരു ജനവിഭാഗം, ഒരു ലിംഗവിഭാഗം, അല്ലെങ്കിൽ ഒരു മതവിഭാഗം പ്രത്യേക തരത്തിലുള്ള ആക്രമണത്തിന് വിധേയമാകുമ്പോൾ അവർക്ക് അതിനെതിരെ പ്രതികരിക്കാൻ അവകാശമില്ലേ? തീർച്ചയായിട്ടും അവകാശമുണ്ട് എന്ന് കരുതുന്ന ഒരു സാംസ്കാരിക പ്രവർത്തകനാണ് ഞാൻ.

ഉദാഹരണമായിട്ട് എന്റെ ആദ്യത്തെ പുസ്തകങ്ങളിലൊന്ന്, ആദ്യത്തെ പുസ്തകമല്ല; പക്ഷേ, സ്വത്വവുമായി ബന്ധപ്പെട്ട, ഐഡന്റിറ്റിയുമായി ബന്ധപ്പെട്ട എന്റെ ആദ്യത്തെ പുസ്തകം 'കറുപ്പിന്റെ സൗന്ദര്യ ശാസ്ത്ര'മാണ്. അതായത് കറുത്തവരായതിന്റെ പേരിൽ മാറ്റിനിർത്തപ്പെടുന്ന മനുഷ്യർ. ഏതുമതത്തിലും ഏതുജാതിയിലും ഏതുപാർട്ടിയിലും മതരഹിതരിലും ഒക്കെ കറുത്തവരോട് ഒരു ചെറിയ വിവേചനമുണ്ട് . നമ്മളിപ്പോൾ എന്തൊക്കെ പറഞ്ഞാലും സാധാരണ വിവാഹ കമ്പോളത്തിൽ ഏറ്റവും പ്രസിദ്ധമായൊരു വാക്യമുണ്ട്, സ്ഥിരം വാക്യം; 'ചെക്കൻ വെളുത്തിട്ടാണ്, രാഷ്ട്രീയവുമില്ല' എന്നതാണത്. ഇത് രണ്ടും കൂടി ഒത്തുവന്നാൽ അപൂർവ സൗഭാഗ്യമാണ് കല്യാണത്തിന! കാരണം വെളുപ്പിനെയാണ് ആളുകൾ സൗന്ദര്യമായിട്ട് കാണുന്നത്. രാഷ്ട്രീയം ഒന്നും ഇല്ലെന്ന് പറഞ്ഞാൽ രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും രാത്രിയും വീട്ടിൽ തന്നെ കാണും എന്നർഥം. സത്യത്തിൽ വെളുത്ത ആളായിരിക്കുന്നതിൽ കുറ്റമില്ല, കറുത്ത ആളാവുന്നതിലും കുറ്റമില്ല. എല്ലാ നിറവും തുല്യനിലയിൽ നൃത്തമാടുന്ന ഒരു കാലമാണ് ജനാധിപത്യം സ്വപ്നം കാണുന്നത്. എന്റെ 'കറുപ്പിന്റെ സൗന്ദര്യ ശാസ്ത്ര'ത്തിൽ ഞാൻ പറയുന്നത് കറുത്തവരായതിന്റെ പേരിൽ ഒഴിച്ചുനിർത്തപ്പെടുന്നവരെ കുറിച്ചാണ്.

പിന്നെയുള്ളത് 2002ലെ ഗുജറാത്ത് വംശഹത്യ

*ന്നും മാറ്റിനിർത്തപ്പെടുന്ന, തീവ്രവാദ ചിന്താഗതിക്കാരെന്ന് ആരോപിക്കപ്പെടുന്ന ചിലരാണ്. എന്തുകൊണ്ടാണ് അങ്ങനെ ഒരവസ്ഥ? ശരിയായ ഒരു പോരാട്ടത്തിന്റെ വഴിയിലേക്ക് വരുമ്പോൾ പോലും ഈ സംഘശക്തിയെ എല്ലാവരും ഭയപ്പെടുന്നതിന്റെ കാരണമെന്തായിരിക്കുമെന്ന് താങ്കൾ ചിന്തിച്ചിട്ടുണ്ടോ?*

തെരഞ്ഞെടുപ്പ്, തെരഞ്ഞെടുപ്പിലെ വിജയം, ജനങ്ങളെ വിപുലമായി ഐക്യപ്പെടുത്താനുള്ള വഴികൾ തുടങ്ങിയ കാര്യങ്ങളാണ് പൊതുവെ സെക്കുലർ പാർട്ടികൾ ആലോചിക്കുന്നത്. അപ്പോൾ ഇന്നത്തെ ഇന്ത്യൻ പശ്ചാത്തലത്തിൽ സംഘ്പരിവാർ വിഭജനത്തിന്റെ, ജനങ്ങളെ ജാതിമതാടിസ്ഥാനത്തിൽ അകറ്റുന്നതിന്റെ നിരന്തരമായ ശ്രമങ്ങൾ തുടരുകയാണ്. ജാതിമതാടിസ്ഥാനത്തിൽ ജനങ്ങളെ ഭിന്നിപ്പിക്കാൻ ഇന്ത്യൻ ഫാഷിസം ശ്രമിക്കുമ്പോൾ അതിന്റെ തന്നെ വേറൊരു ത

യുടെ പശ്ചാത്തലത്തിലുള്ള രചനയാണ്. പുരോഗമന കലാസാഹിത്യ സംഘത്തിന്റെ നേതൃത്വത്തിൽ ഗുജറാത്ത് സന്ദർശിച്ചതിനു ശേഷം എഴുതിയത്. കടമ്മനിട്ടയുടെ 'അശുദ്ധം' എന്നുള്ള കവിതയൊക്കെ വന്നു. ഞാൻ 'ഇരകളുടെ മാനിഫെസ്റ്റോ' എഴുതി. ഇരകളുടെ മാനിഫെസ്റ്റോയിൽ മുന്നോട്ടു വെക്കാൻ ശ്രമിച്ച ഒരു കാര്യമിതാണ്: പീഡനത്തിന് ഗുജറാത്തിൽ വിധേയമാകുന്നത് മുസ്‌ലിംകളാണ്. അതുകൊണ്ട് മുസ്‌ലിംകൾക്ക് അതിനെതിരെ പ്രതികരിക്കാൻ അവകാശമുണ്ട്, അവർക്ക് ഐക്യപ്പെടാൻ അവകാശമുണ്ട്. അങ്ങനെ ഐക്യപ്പെടുമ്പോൾ മുസ്‌ലിംകളല്ലാത്ത, മറ്റുമതത്തിൽപെട്ടവരും ഒരു മതത്തിലും പെടാത്തവരും എല്ലാ രാഷ്ട്രീയക്കാരും അവരോടൊപ്പം നിൽക്കണം. കാരണം ഇരകൾക്കൊപ്പം നിൽക്കുക എന്നുള്ളതാണ് ജനാധിപത്യത്തിന്റെ ഏറ്റവും പ്രധാനപെട്ട ദൗത്യം. അതേപോലെ ഇരകൾക്ക് ഐക്യപ്പെടാനും അവകാശമുണ്ട്. പക്ഷേ, ഇരകളുടെ ഐക്യത്തെ പർവതീകരിച്ചിട്ട്, ഭീതിസൃഷ്ടിച്ചിട്ട് മറുഭാഗത്തുനിൽക്കുന്ന മനുഷ്യരെ കൃത്രിമമായിട്ട് ഐക്യപ്പെടുത്താൻ ഫാഷിസം എല്ലാവിധ ശ്രമങ്ങളും നടത്തും. ഇപ്പോൾ തന്നെ നമ്മുടെ സാമാന്യ ബോധത്തിൽ -ഞാൻ ഫാഷിസ്റ്റുകളെ കുറിച്ചല്ല പറയുന്നത്- ഇതുവരെ സമരരംഗത്ത് വരാത്ത മുസ്‌ലിം സ്ത്രീകളടക്കം, പ്രത്യേകിച്ച് ആ സ്ത്രീകളിൽ ഭൂരിപക്ഷവും പർദ ധരിക്കുന്നവരാണെങ്കിൽ, അങ്ങനെ പർദ ധരിച്ചിട്ടുള്ള ഒരു പതിനായിരം സ്ത്രീകളെ ഒന്നിച്ച് കാണുമ്പോൾ ഒരു തരത്തിലുള്ള അസ്വാരസ്യം ഉണ്ടാകുന്നുണ്ട്. പൊതുബോധത്തിൽ ഇത്തരത്തിലുള്ള അസ്വാരസ്യം ഉണ്ടാകുന്നതിന് ഈ പ്രത്യേക വസ്ത്രം ധരിച്ച സ്ത്രീകൾ വാദികളോ പ്രതികളോ അല്ല. അത് അവരുടെ ഉത്തരവാദിത്തവുമല്ല. എങ്കിൽ തന്നെയും നമ്മുടെ പൊതുബോധം ആവിധം അസമമാണ്, സങ്കീർണമാണ്. അതുകൊണ്ട് തന്നെ ഇടതുപക്ഷ രാഷ്ട്രീയ പാർട്ടി ഇന്നത്തെ ഒരു പശ്ചാത്തലത്തിൽ നോക്കുമ്പോൾ ഇതുകൂടി പരിഗണിക്കാൻ നിർബന്ധിതമായിരിക്കുകയാണ്.

ഷഹീൻബാഗിലേക്ക് വെല്ലുവിളിയും ഭീഷണിയുമായിട്ട് ഇന്ത്യൻ ഫാഷിസ്റ്റുകൾ വന്നപ്പോൾ സഖാവ് സീതാറാം യെച്ചൂരി ഉൾപെടെയുള്ളവരും കോൺഗ്രസിന്റെ നേതാക്കന്മാരും അവിടെയെത്തി ഐക്യദാർഢ്യം പ്രഖ്യാപിക്കുകയുണ്ടായി. തീർച്ചയായിട്ടും ഈ സമരത്തിൽ സംഭവിക്കാവുന്ന വഴുക്കലുകളുണ്ട്. ആ വഴുക്കലെന്താണെന്ന് പറഞ്ഞാൽ, പീഡനം ഏൽക്കുന്ന ഏതെങ്കിലും ഒരു ജനവിഭാഗം മാത്രം അതിനെതിരെ പ്രതികരിക്കുന്ന ഒരവസ്ഥ വരുമ്പോൾ അതിനെ എളുപ്പത്തിൽ ഇന്ത്യൻ ഫാഷിസത്തിന് പരാജയപ്പെടുത്താൻ പറ്റും. അപ്പോൾ പീഡനം ഏൽക്കുന്ന സാമൂഹ്യവിഭാഗത്തിനൊപ്പം മറ്റു വിഭാഗങ്ങളെ കൂടി ഐക്യപ്പെടുത്തണം. സത്യത്തിൽ പീഡനമേൽക്കുന്നവർക്കൊപ്പം അവർ ഐക്യപ്പെടുകയാണ് വേണ്ടത്. പക്ഷേ, ഇന്നത്തെ പശ്ചാത്തലത്തിൽ നമ്മുടെ സാമൂഹ്യ വളർച്ചയിലെ ചില അസമതകൾ കാരണം ചില സങ്കീർണതകളുണ്ട്. ഈ സങ്കീർണതകളോട് സംവദിക്കാൻ നിർബന്ധിതമായത് കൊണ്ടാവണം രാഷ്ട്രീയ പാർട്ടികൾക്ക് ചെറിയൊരു പ്രയാസം ഉണ്ടാവുന്നത്. അതല്ലാതെ ഈ പീഡനം അനുഭവിക്കുന്ന ജനത പീഡനം അനുഭവിച്ചോട്ടെ എന്ന നിഷേധ കാഴ്ചപ്പാടല്ല അത്. മറിച്ച് ഇന്നത്തെ സങ്കീർണത തീർച്ചയായും അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നുണ്ട്.



ഗുജറാത്ത് വിഷയമുണ്ടായപ്പോൾ കേരളത്തിൽ നിന്ന് അവിടം സന്ദർശിച്ചത് പുരോഗമനകലാ സാഹിത്യ സംഘത്തിന്റെ പ്രവർത്തകരെന്ന നിലയ്ക്ക് കടമ്മനിട്ടയുടെ നേതൃത്വത്തിൽ ഞാനുൾപെടെയുള്ളവരാണ്. മാത്രമല്ല, എനിക്കുറപ്പിച്ചു പറയാൻ പറ്റും; ഫാഷിസത്തിന്റെ അപകടത്തെ കുറിച്ച് അന്ന് കേരളം മുഴുവൻ, ഇന്ത്യ മുഴുവൻ ഫാഷിസ്റ്റ് വിരുദ്ധ പാഠശാലകൾക്ക് ജന്മം നൽകിക്കൊണ്ട് ഈ പ്രശ്നം അവതരിപ്പിക്കുന്നതിൽ മുസ്‌ലിം സംഘടനകളല്ല മുന്നിൽ ഉണ്ടായിരുന്നത്, സത്യസന്ധമായി പറഞ്ഞാൽ ഇടതുപക്ഷം തന്നെയാണ്. മാത്രമല്ല അതേക്കുറിച്ച് എഴുതപ്പെട്ട പുസ്തകങ്ങളും കവിതകളും കഥകളുമൊക്കെ നോക്കിക്കഴിഞ്ഞാൽ മുസ്‌ലിം പേരുള്ളവർ പോലുമല്ല എന്ന് കാണാനാവും. ഒരു പക്ഷേ, കടമ്മനിട്ടയുടെ തന്നെ 'കുറത്തി'ക്ക് ശേഷം കേരളത്തിൽ ഏറ്റവും വ്യാപകമായിട്ട് ചൊല്ലിയത് അദ്ദേഹത്തിന്റെ 'ക്യാ' എന്ന കവിതയാണ്. ആ കവിത നിങ്ങളോർക്കുന്നുണ്ടാവാം. ആ കവിത എഴുതുന്നതിന് ഞാൻകൂടി സാക്ഷിയാണ്. കാരണമെന്താണെന്ന് വെച്ചാൽ കടമ്മനിട്ട പുകസയിൽ വരുന്ന ആ പശ്ചാത്തലത്തിൽ




കള്ളുകുടി നിർത്തിയിരുന്നു. അതോടെ ആളുകൾ തമാശയായിട്ട് പറയാൻ തുടങ്ങി; കള്ളുകുടി നിർത്തിയത് കൊണ്ടും പുകസയിൽ വന്നത് കൊണ്ടുമാണ് കടമ്മനിട്ടയുടെ കവിത നഷ്ടമായത് എന്ന്. ഞങ്ങളൊക്കെ കടമ്മനിട്ടയോട് ചോദിക്കുമായിരുന്നു; എന്തുപറ്റി എന്ന്. അപ്പോഴൊന്നും അദ്ദേഹം ഒന്നും എഴുതിയില്ല. പക്ഷേ, ഗുജറാത്തിലെ ഈ അവസ്ഥ കണ്ട് തിരിച്ചുവരുമ്പോഴാണ്, നിന്നുപോയി എന്ന് കടമ്മനിട്ട ഉൾപെടെ പലരും കരുതിയ കടമ്മനിട്ടയുടെ കവിത വീണ്ടും ഒഴുകാൻ തുടങ്ങിയത്. അങ്ങനെ എഴുതിയതാണ് 'ക്യാ.' തീവണ്ടിയിൽ ഗുജറാത്തിൽ നിന്ന് കൊച്ചയിലേക്ക് കച്ചവടത്തിന് വരുന്ന ആൾക്കാരുണ്ട്. തീവണ്ടിയിൽ വെച്ച് പരസ്പരം പരിചയപ്പെടുന്നതാണ് ആ കവിതയിലെ സന്ദർഭം. താങ്കളുടെ പേരെന്താണ് എന്ന വരികൊണ്ടാണ് ആ കവിത തുടങ്ങുന്നത്.

'നിങ്ങളുടെ പേരെന്താണ്? ഞാൻ പറഞ്ഞു രാമകൃഷ്ണൻ. രാം കിഷൻ... രാം കിഷൻ... അവരെന്റെ അടുത്തേക്ക് കുറേകൂടി ചേർന്നിരുന്നു. എന്നിട്ടവർ ചോദിച്ചു: താങ്കൾ ഒരു മാംസഭുക്കാണോ? ഞാൻ പറഞ്ഞു: അങ്ങനെയൊന്നുമില്ല; നിങ്ങളോ? ഞാൻ ചോദിച്ചു. അവർ പറഞ്ഞു: ഞങ്ങൾ ശുദ്ധ സസ്യഭുക്കുകളായ വൈഷ്ണവ ജനതയാണ്. തെല്ലൊരു അഭിമാനത്തോടെ അവർ പറഞ്ഞു. അപ്പോൾ ഞാൻ ചോദിച്ചു: നിങ്ങളിൽ ചില പുല്ലുതീനികൾ ഗർഭിണിയായ സ്ത്രീയുടെ വയറു കുത്തിപ്പിളർന്ന് ആ കുഞ്ഞിനെ പുറത്തെടുത്ത് തിന്നതോ; തള്ളയെയും?'

എന്റെ 'ശ്മാശാനങ്ങൾക്ക് സ്മാരകങ്ങളോട് പറയാൻ കഴിയാത്തത്' എന്ന പുസ്തകവും ഗുജറാത്തിനെ കുറിച്ചുള്ളതാണ്. ഞാൻ ചൂണ്ടിക്കാണിക്കുന്നത് എല്ലാ അർഥത്തിലുമുള്ള പ്രതികരണങ്ങൾ ഉണ്ടായിട്ടുണ്ട് എന്നാണ്. ഇരകളുടെ, പീഡിതജനതയുടെ പ്രതികരണം ഉണ്ടാവണം. പക്ഷേ, ആ പ്രതികരണം ഒറ്റപ്പെട്ടു പോകാൻ പാടില്ല. മതനിരപേക്ഷമായ ഒരു തലത്തിലേക്ക് അതിനെ നമുക്ക് ഉദ്ഗ്രഥിക്കാൻ പറ്റണം.

ചിലപ്പോൾ സംഭവിക്കാവുന്ന ഒരു അപകടമുണ്ട്. ന്യൂനപക്ഷ-ദളിത് വിഭാഗത്തിന്റെതല്ലാത്ത കുറ്റംകൊണ്ട് തന്നെ നിലവിലുള്ള ഒരു അസമമായ സാമൂഹ്യബോധത്തിന്റെ പശ്ചാത്തലത്തിൽ അവർക്കുണ്ടാകുന്ന ചില പരിഭ്രമങ്ങളും, ഈ പൊതുബോധത്തിൽ ജാതിമേൽക്കോയ്മയ്ക്കുള്ള മേൽകൈയും നിമിത്തം ഒരു വിഭജനം വന്ന് ചേരാൻ സാധ്യതയുണ്ട്. ആ വിഭജനത്തെ മുറിച്ച് കടക്കുന്ന തരത്തിലേക്ക് ഇതിനെ വിമോചിപ്പിക്കുക എന്നുള്ള ഭാരിച്ച ദൗത്യമാണ് ഇടതുപക്ഷത്തിന് മുന്നിലുള്ളത്. ആ ദൗത്യം നിർവഹിക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിനിടയിൽ വല്ല വീഴ്ചകളും വരുന്നുണ്ടെങ്കിൽ അത് തീർച്ചയായും വിമർശനപരമായി പരിഹരിക്കപ്പെടേണ്ടതാണ്.

# നേരമായി

ഹ്രസ്വമായൊരായുഷ്കാലം
എണ്ണിത്തീരുന്ന നിശ്വാസങ്ങൾ
കണ്ടുതീരാ കാഴ്ചകളായി ധരണി
തുടുത്തും തളിർത്തും ഇലപ്പടർപ്പുകൾ
വിരിഞ്ഞും പിരിഞ്ഞും പുഷ്പവാടികൾ
പൂതിതീരാ നറുവസന്തങ്ങൾ
മഴയും മഴവില്ലും, പൊള്ളുന്ന വെയിലും
ഉദിച്ചസ്തമിച്ചുപോയതെത്ര യുഗങ്ങൾ!
ജനിമൃതി കൊണ്ടതെത്ര ജനകോടികൾ!
ഇവിടെ നമ്മൾ പുണർന്നും പിരിഞ്ഞും
ഇണങ്ങിയും പിണങ്ങിയും
ജീവിതക്കടൽ താണ്ടി മുന്നേറുന്നു.
ആശകൾ മിക്കതും ബാക്കിവച്ചൊരു ദിനം
ജീവിത ചക്രം നിലച്ചുപോകും!
ആശിച്ചതൊക്കെയും കിട്ടുന്ന സ്വർഗത്തി-
നാശവച്ചിന്നതിനു നാം പണിയെടുക്കുക.





കവിത

വി.ടി അബ്ദുസ്സലാം
salamvtkrp@gmail.com

# കനിയൂ റഹീമേ...

എന്നെയേറെയിഷ്ടമുള്ളോൻ
എനിക്കേറെയിഷ്ടമുള്ളോൻ
എന്റെയുള്ളിൽ ഈമാന്റെ
വഴിവെളിച്ചം നൽകിയോൻ
റബ്ബേ, നിന്നെക്കുറിച്ചുള്ള
എന്നോർമകളിൽ
നനവ് വറ്റാതിരിക്കാൻ,
ഖൽബിലെ ചിന്തകൾ
മായാതിരിക്കാൻ
കാത്തിടേണമെന്നുമെന്നെ.
പാപമുക്തമല്ലെൻ ജീവിതമെങ്കിലും
നിൻ കൃപാകടാക്ഷം കനിയൂ റഹീമേ.

ലേഖനം

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com



ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ 14

# സൗമ്യത

കാര്യങ്ങളിലെല്ലാം സൗമ്യതയും മൃദുലതയും സാവകാശവും എളുപ്പമായത് സ്വീകരിക്കലും, രൂക്ഷതയും തീവ്രതയും കൈവെടിയലും അനുഗ്രഹവും നന്മ മാത്രവുമാണ്. തിരുനബിﷺ പറയുന്നതു നോക്കൂ: "മൃദുലത തടയപ്പെട്ടവന് നന്മകൾ തടയപ്പെട്ടിരിക്കുന്നു" (മുസ്‌ലിം).

തന്റെ വിഷയത്തിലായാലും മറ്റുള്ളവരുടെ വിഷയത്തിലായാലും ഒരാളുടെ പെരുമാറ്റം സൗമ്യതാപൂർണമായിരിക്കണം. ഇല്ലായെങ്കിൽ പ്രസ്തുത പെരുമാറ്റം അനുഗ്രഹംകെട്ടതും പ്രയോജന രഹിതവുമായി മാറും. ഏതാനും തിരുമൊഴികൾ ഇവിടെ ശ്രദ്ധേയമാണ്.

ആഇശ(റ)യിൽ നിന്ന് നിവേദനം; തിരുനബിﷺ പറഞ്ഞു: "ആഇശാ, നിശ്ചയം അല്ലാഹു സൗമ്യ(റഫീക്)നാകുന്നു. അവൻ മൃദുലപെരുമാറ്റം ഇഷ്ടപ്പെടുന്നു. അവൻ രൂക്ഷമായപെരുമാറ്റത്തിനും മൃദുലപെരുമാറ്റമല്ലാത്ത(ഇതര സൽപെരുമാറ്റങ്ങൾ)ക്കും നൽകാത്തത് മൃദുലപെരുമാറ്റത്തിന്, നൽകുന്നു"(മുസ്‌ലിം).

ഇബ്നു ഉമറി(റ)ൽ നിന്ന് നിവേദനം. തിരുദൂതർ പറഞ്ഞു: "ഒരു വീട്ടുകാർക്ക് വിനയം നൽകപ്പെട്ടിട്ടു എങ്കിൽ അത് അവർക്ക് ഉപകരിക്കുകതന്നെ ചെയ്യും. വിനയം തടയപ്പെട്ടിട്ടുങ്കിൽ അവർക്ക് വിനയാവുകയും ചെയ്യും, തീർച്ച" (മുഅ്ജമുത്ത്വബ്റാനി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ജരീർ ഇബ്നു അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം; തിരുദൂതർﷺ പറഞ്ഞു: "നിശ്ചയം, അല്ലാഹു രൂക്ഷമായപെരുമാറ്റത്തിനു നൽകാത്തത് മൃദുലമായപെരുമാറ്റത്തിനു നൽകുന്നു. ഒരു ദാസനെ അല്ലാഹു ഇഷ്ടപ്പെട്ടാൽ അല്ലാഹു അവന്ന് മൃദുലപെരുമാറ്റം നൽകുന്നു.

മൃദുലപെരുമാറ്റം തടയപ്പെട്ട ഒരു കുടുംബവുമില്ല; നന്മകൾ തങ്ങൾക്കുതടയപ്പെടാതെ"(മുഅ്ജമുത്ത്വബ്റാനി, അൽബാനി ഹസനുൻലിഗയ്രിഹി എന്ന് വിശേഷിപ്പിച്ചു).

തന്റെ ശത്രുവിനോടാണെങ്കിൽ പോലും അയാളോടുള്ള വർത്തമാനവും വർത്തനവും സൗമ്യമായിരിക്കണമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. അഹങ്കാരിയും അധമനും അന്യായക്കാരനുമായ ഫിർഔനെ പ്രബോധനം നടത്തുവാൻ ദൂതന്മാരായ മൂസായെയും ഹാറൂനെയും അല്ലാഹു നിയോഗിച്ചപ്പോൾ അല്ലാഹു അവരോട് കൽപിക്കുന്നത് ഇപ്രകാരമാണ്:

"എന്റെ ദൃഷ്ടാന്തങ്ങളുമായി നീയും നിന്റെ സഹോദരനും പോയിക്കൊള്ളുക. എന്നെ സ്മരിക്കുന്നതിൽ നിങ്ങൾ അമാന്തിക്കരുത്. നിങ്ങൾ രണ്ടുപേരും ഫിർഔന്റെ അടുത്തേക്ക് പോകുക.തീർച്ചയായും അവൻ അതിക്രമകാരിയായിരിക്കുന്നു. എന്നിട്ട് നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരുവേള ചിന്തിച്ചു മനസ്സിലാക്കിയേക്കാം. അല്ലെങ്കിൽ ഭയപ്പെട്ടുവെന്ന് വരാം. അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, അവൻ (ഫിർഔൻ) ഞങ്ങളുടെ നേർക്ക് എടുത്തുചാടുകയോ അതിക്രമം കാണിക്കുകയോ ചെയ്യുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു. അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങൾ ഭയപ്പെടേ. തീർച്ചയായും ഞാൻ നിങ്ങളുടെ കൂടെയുണ്ട്. ഞാൻ കേൾക്കുകയും കാണുകയും ചെയ്യുന്നുണ്ട്" (ക്വുർആൻ 20:42-46).

സമാധാനത്തിന്റെ ദൂതനായ തിരുനബിയോട് കൊടിയ വൈര്യവും നിറഞ്ഞ ശത്രുതയും അടങ്ങാത്ത അസൂയയും ജൂതന്മാർ വച്ചുപുലർത്തിയിരുന്നു. തിരുദതരുടെ മരണവും നാശവും മനസ്സിൽ കൊണ്ടു നടക്കുന്നവരായിരുന്നു അവർ. ഒരിക്കൽ ജൂതന്മാർ തിരുമേനിയെ പ്രകോപിതമാക്കും വിധം അഭിസംബോധന ചെയ്തപ്പോൾ തിരുദൂതർﷺ പ്രതികരിച്ചത് പ്രിയപത്നി ആഇശ‍ؓ നിവേദനം ചെയ്യുന്നു:

"ജൂതന്മാരിൽ ഒരു സംഘം നബിﷺയുടെ അനുവാദം ചോദിച്ചുവന്നു. അപ്പോൾ അവർ പറഞ്ഞു: 'അസ്സാമുഅലയ്കും(നിങ്ങൾക്ക് മരണം ഭവിക്കട്ടെ).' ഞാൻ പറഞ്ഞു: 'അല്ല. നിങ്ങളുടെമേൽ മരണവും ശാപവും ഉണ്ടാവട്ടെ.' അപ്പോൾ തിരുമേനി പറഞ്ഞു: 'ആഇശാ! നിശ്ചയം അല്ലാഹു റഫീക്വാകുന്നു. അവൻ കാര്യങ്ങളിലെല്ലാം സാവകാശ പെരുമാറ്റം ഇഷ്ടപ്പെടുന്നു.' ഞാൻ ചോദിച്ചു: 'അവർ പറഞ്ഞത് താങ്കൾ കേട്ടില്ലേ?' തിരുമേനി പറഞ്ഞു: 'നിങ്ങളുടെമേലും എന്നു ഞാനും പറഞ്ഞില്ലേ?" (ബുഖാരി).

തികഞ്ഞ സൗമ്യശീലനും മൃദുല പെരുമാറ്റക്കാരനുമായിരുന്നു നബിﷺ. തിരുമേനിയെ കുറിച്ച് അല്ലാഹു പറയുന്നതുനോക്കൂ:

"(നബിയേ,) അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞു പോയിക്കളയുമായിരുന്നു..." (ക്വുർആൻ 3:159).

മാലിക് ഇബ്നുൽഹുവയ്രിഥിؓൽ നിന്ന് നിവേദനം: "എന്റെ ഗോത്രത്തിലെ ആളുകൾക്കൊപ്പം ഞാൻ നബിﷺയുടെ അടുക്കൽ ചെന്നു. ഇരുപതു രാവുകൾ ഞങ്ങൾ തിരുമേനിയുടെ അടുക്കൽ താമസിച്ചു. തിരുമേനി കരുണാമയനും മൃദുലപെരുമാറ്റക്കാരനുമായിരുന്നു. കുടുംബത്തോടുള്ള ഞങ്ങളുടെ ഭ്രമം കണ്ടപ്പോൾ തിരുനബിﷺ പറഞ്ഞു: 'നിങ്ങൾ മടങ്ങുക. കുടുംബത്തോടൊപ്പം കഴിഞ്ഞുകൂടുകയും അവരെ നിങ്ങൾ പഠിപ്പിക്കുകയും ചെയ്യുക. നിങ്ങൾ നമസ്കരിക്കുക. നമസ്കാര സമയമായാൽ നിങ്ങളിൽ ഒരാൾ നിങ്ങൾക്കു ബാങ്കുവിളിക്കുകയും നിങ്ങളിൽ മുതിർന്നവൻ ഇമാമത്തു നിൽക്കുകയും ചെയ്യട്ടെ"(ബുഖാരി).

സ്വന്തത്തോടു പോലും സൗമ്യതയിൽ വർത്തിക്കുവാൻ അബ്ദുല്ലാഹ് ഇബ്നുഅംറിؓനോട് തിരുമേനി ഉപദേശിച്ച സംഭവം ഹദീഥുകളിൽ കാണാം. യൗവനാരംഭത്തിൽ ധാരാളം ഇബാദത്തുകൾ എടുക്കുന്ന വ്യക്തിയായിരുന്നു അബ്ദുല്ലാഹ് ഇബ്നു അംറ്ؓ. കാലം മുഴുവൻ പകലിൽ നോമ്പെടുക്കുമായിരുന്നു. രാത്രി മുഴുവൻ നമസ്കരിക്കുമായിരുന്നു. രാത്രിയിലെ തഹജ്ജുദിൽ ക്വുർആൻ ഓതിത്തീർക്കുമായിരുന്നു. ഇത് പിന്നീട് അദ്ദേഹത്തിന് ക്ലേശകരമായി. നിർബന്ധമായി ചെയ്തുതീർക്കേണ്ട ചില ബാധ്യതകൾ അദ്ദേഹത്തിന് നഷ്ടപ്പെടുമാറ് അദ്ദേഹം ക്ഷീണിതനായി. അപ്പോൾ അദ്ദേഹത്തോട് നബിﷺ പറഞ്ഞു: "ഹേ, അബ്ദുല്ലാഹ് ഇബ്നു അംറ്! താങ്കൾ പകലുകൾ മുഴുവൻ നോമ്പെടുക്കുകയും രാത്രി മുഴുവൻ നമസ്കരിക്കുകയും ചെയ്യുന്നു എന്ന വാർത്ത എനിക്ക് എത്തിയിരിക്കുന്നു. താങ്കൾ അപ്രകാരം ചെയ്യരുത്. കാരണം, താങ്കളുടെ ശരീരത്തിന് താങ്കളിൽ നിന്ന് അവകാശം ഉണ്ട്. താങ്കളുടെ കണ്ണിന് താങ്കളിൽ നിന്ന്അവകാശം ഉണ്ട്. താങ്കളുടെ ഭാര്യക്കും താങ്കളിൽ നിന്നും അവകാശമുണ്ട്"(ബുഖാരി).

നബീൽ പയ്യോളി
nabeelpayyoly@gmail.com





# ഇസ്‌ലാം നന്മയാണ്

**കൊ**റോണ വൈറസ് ലോകമാകെ പടർന്നുപിടിച്ചിരിക്കുന്നു. ലോകജനസംഖ്യയുടെ മൂന്നിലൊന്ന് ഭാഗവും വീടുകളിൽ ഒതുങ്ങിക്കഴിയുകയാണ്. നോക്കൂ, നാം എത്ര നിസ്സാരന്മാരാണ്! രോഗങ്ങൾ നമ്മെ തകർത്ത് കളയുന്നു! ക്യാൻസറാണ് ഈ നൂറ്റാണ്ടിലെ മാരക രോഗങ്ങളിൽ ഒന്ന്. അനുദിനം എത്രയോ പേർ ക്യാൻസർ പിടിപെട്ട് മരണമടയുന്നു. അനേകംപേർ വേദനതിന്ന് കഴിഞ്ഞുകൂടുന്നു. അതിൽ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ വ്യത്യാസമില്ല. പണക്കാരനും പണിക്കാരനും ധനികനും ദരിദ്രനും ഭരണാധികാരികളും ഭരണീയരും രോഗങ്ങൾക്ക് മുമ്പിൽ നിസ്സഹായരാകുന്നു. പാവപ്പെട്ടവർ ചികിത്സയ്ക്ക് വേണ്ട പണം കണ്ടെത്താൻ പാടുപെടുമ്പോൾ സന്മനസ്സുകൾ അവർക്ക് തണലാകുന്നു. പണക്കാർ നാട്ടിൽ കിട്ടാവുന്നതിൽ ഏറ്റവും മികച്ച ചികിത്സ തേടുന്നു. ചിലർ വിദേശ രാജ്യങ്ങളിൽ വിദഗ്ധ ചികിത്സക്ക് വേണ്ടി പോകുന്നു. മരണത്തിന് മുന്നിൽ ഈ വ്യത്യാസങ്ങൾ ഒന്നുമില്ല എന്നല്ലേ നമ്മുടെ അനുഭവം പറയുന്നത്?

മാരകരോഗങ്ങളും അപകടങ്ങളും പെട്ടെന്നുള്ള മരണങ്ങളുമെല്ലാം മനസ്സിനെ വല്ലാതെ പിടിച്ചുകുലുക്കുന്നതാണ്. ഓർക്കാൻ പറ്റാത്ത രീതിയിൽ നാടിനെ നടുക്കിയ പ്രളയവും ചുഴലിക്കാറ്റും സുനാമിയും അടക്കം പലസംഭവങ്ങളിലും നമ്മളുമായി ഒരു ബന്ധവും ഇല്ലാത്ത നൂറുകണക്കിന് ആളുകളുടെ ജീവൻ നഷ്ടമായപ്പോൾ നമ്മുടെയൊക്കെ മനസ്സ് വേദനിച്ചിട്ടുണ്ട്. മനസ്സാക്ഷി മരവിച്ചിട്ടില്ലാത്ത ഏതൊരാളുടെയും മനസ്സിനെ പിടിച്ചുകുലുക്കുന്ന പ്രതിഭാസം

തന്നെയാണ് മരണം. അതിനെ തടുക്കാൻ ലോകത്ത് ഒരാൾക്കും സാധ്യമല്ല. അധികാരം, സമ്പത്ത്, സ്വാധീനം, ബൗദ്ധികനിലവാരം തുടങ്ങി മനുഷ്യന്റെ ഔന്നത്യത്തിന്റെ അടയാളമായി നാം കാണുന്ന ഒന്നിനും മരണത്തിൽനിന്ന് അവനെ രക്ഷപ്പെടുത്തുക സാധ്യമല്ല. അതിനെക്കാൾ നമ്മെ ചിന്തിപ്പിക്കുന്നത് നാം എപ്പോൾ മരിക്കും എന്നതിലെ അജ്ഞതയാണ്. വിവരസാങ്കേതിക വിദ്യയുടെ കാലത്ത് കാലാവസ്ഥാ വ്യതിയാനങ്ങളും പ്രകൃതി ദുരന്തങ്ങളും ഒക്കെ പ്രവചിക്കാൻ ഒരു പരിധിവരെ സാധിക്കുന്നു എന്നാണ് ലോകം പറയുന്നത്. അത് എത്രത്തോളം പ്രയോഗികവൽക്കരിക്കാൻ സാധിച്ചു എന്നത് ചോദ്യചിഹ്നമായി നിൽക്കുന്നു.

എങ്കിലും മരണം എപ്പോഴാണ് എന്നെ തേടിയെത്തുക എന്നത് നമ്മുടെ മനസ്സിനെ അലട്ടുന്ന ഒരു പ്രശ്നം തന്നെയാണ്. മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യം എന്താണ്? എന്തിനായിരിക്കും മരണം എന്ന പ്രതിഭാസം? അത് കഴിഞ്ഞാൽ പിന്നെയെന്ത്? നാം പലപ്പോഴും ഉത്തരം തേടിയ ചോദ്യങ്ങളാണ് ഇവ. പക്ഷേ, തൃപ്തികരമായ ഒരു ഉത്തരത്തിലേക്ക് നാം എത്തിച്ചേർന്നിട്ടുണ്ടോ? ആ ഉത്തരം നമുക്ക് ആശ്വാസവും പ്രതീക്ഷയും നൽകിയിട്ടുണ്ടോ? ഇസ്‌ലാം ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നുണ്ട്. ലോകസ്രഷ്ടാവായ നാഥൻ അവന്റെ സൃഷ്ടികളുടെ മുഴുവൻ പ്രത്യേകതകളും അറിയുന്നവനാണല്ലോ. അതുകൊണ്ട് തന്നെ ആ സൃഷ്ടികളുടെ മനസ്സിനെ സമാധാനിപ്പിക്കാനും അവർക്ക് പ്രതീക്ഷ നൽകാനും അവനാണ് സാധിക്കുക. അല്ലാഹു പറയുന്നു:

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു"(ക്വുർആൻ 67:2).

മനുഷ്യരിൽ ആരാണ് സൽപ്രവർത്തനങ്ങൾ നന്നായി ചെയ്യുന്നത് എന്ന് പരീക്ഷിക്കുക എന്നതാണ് ജനനത്തിനും മരണത്തിനും ഇടക്കുള്ള ജീവിതം കൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത്. നന്മയുള്ളവരാവുക എന്നതാണ് ആ ജീവിതം സാർഥകമാക്കാൻ ചെയ്യേണ്ടത് എന്നതാണ് ചുരുക്കം.

മനുഷ്യർ പൊതുവെ നന്മയുള്ളവരാണ്. ഏതൊരു മനുഷ്യന്റെ ഹൃദയത്തിലും നന്മയുടെ കണികകൾ ഉണ്ടാവും എന്ന് അനുഭവങ്ങൾ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ നന്മയും തിന്മയും എങ്ങനെ വേർതിരിക്കാൻ സാധിക്കും? അത് മനസ്സിലാക്കാൻ എന്താണ് മാനദണ്ഡം? നമ്മെ കുഴക്കുന്ന ഒരു ചോദ്യമാണ് അത്. ജപ്പാനിലെ നാഗസാക്കിയിലും ഹിരോഷിമയിലും ആണവ പരീക്ഷണം നടത്തിയവർ ശാസ്ത്രലോകത്തെ വിപ്ലവകരമായ ഒരു കണ്ടുപിടിത്തം നടത്തിയതിന്റെ ചാരിതാർഥ്യത്തിലായിരുന്നു. എന്നാൽ അത് തീർത്ത ദുരന്തം ഇന്നും അവിടെയുള്ള ജനത അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഒരു കൂട്ടരുടെ നന്മ മറ്റൊരു കൂട്ടർക്ക് വലിയ തിന്മയായി അനുഭവപ്പെടുന്നു. ഇങ്ങനെയുള്ള നിരവധി ഉദാഹരണങ്ങൾ നമുക്ക് ചുറ്റും ഉണ്ട്; നാം നിത്യേന കാണുന്നതും കേൾക്കുന്നതും അനുഭവിക്കുന്നതുമായത്. മനസ്സിനെ വേദനിപ്പിക്കുന്ന നിരവധി സംഭവങ്ങൾ നിത്യേന നമ്മുടെ മുമ്പിലൂടെ കടന്നുപോകുന്നു. അപ്പോഴെല്ലാം നന്മ-തിന്മകളെ കുറിച്ചുള്ള ചോദ്യം നമ്മെ അസ്വസ്ഥമാക്കിക്കൊണ്ടിരിക്കുന്നു. എങ്കിൽ അതിന് ഒരു പരിഹാരം വേണ്ടേ? തീർച്ചയായും എന്നതാണ് നമ്മുടെ ഉത്തരം! അത് എങ്ങിനെ സാധ്യമാകും? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തുക എളുപ്പമാണ്. നാം ജീവിതത്തിൽ പ്രയോഗിക്കുന്ന അതേ യുക്തി ഇവിടെയും ഉപയോഗിച്ചാൽ മതി. കാര്യം നിസ്സാരം. നമ്മൾ വാങ്ങിയ ഒരു മൊബൈൽ കേടായാൽ നാം എന്ത് ചെയ്യും? ആദ്യം നമുക്ക് അറിയാവുന്ന കാര്യങ്ങൾ ചെയ്യും! പിന്നെ ആ മൊബൈൽ കാറ്റലോഗ് പരിശോധിക്കും. അതിലും പരിഹാരം കണ്ടില്ലെങ്കിൽ അത് പഠിച്ചവരെ സമീപിക്കും. അവരും കൈമലർത്തിയാൽ നിർമാണ കമ്പനിയുമായി ബന്ധപ്പെടും. ഇതേ യുക്തി ഉപയോഗിച്ചാൽ നമ്മുടെ ചോദ്യങ്ങൾക്ക് ഉത്തരം എളുപ്പത്തിൽ ലഭ്യമാകും. മനുഷ്യന്റെ സ്രഷ്ടാവും പരിപാലകനുമായ ലോകനാഥന്റെ വിളിക്ക് കാതോർക്കുകയാണ് നന്മ തിന്മകൾ വേര് തിരിച്ചറിയാനുള്ള മാർഗം.

"(നബിയേ,) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു. അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമം പ്രവർത്തിക്കുകയും തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ" (ക്വുർആൻ 18:110).

ചൂഷണമുക്തമായ ആരാധന സംസ്കാരമാണ് ഇസ്‌ലാം മുന്നോട്ട്വെക്കുന്നത്. സൃഷ്ടിയും അവന്റെ സ്രഷ്ടാവും നേരിട്ട് ബന്ധം സ്ഥാപിക്കുകയും ആ ബന്ധം കെടാതെ സൂക്ഷിക്കുകയും ചെയ്യുക എന്നതാണ് ആ സംസ്കാരം. ഏറ്റവും വലിയ നന്മ എന്നത് സ്രഷ്ടാവിനെ അറിയുക എന്നത് തന്നെയാണ്. അതിൽ പ്രധാനം അവനെ മാത്രം ആരാധിക്കുക എന്നതും. മനുഷ്യജീവിതത്തിലെ ഏറ്റവും വലിയ ബാധ്യതയും കടമയും അതാണ് എന്ന് മനസ്സിലാക്കാൻ സാധിച്ചാൽ ജീവിതത്തിൽ പുതിയ തിരിച്ചറിവുകൾ അത് സമ്മാനിക്കും. അല്ലാഹുവിനെ മാത്രമെ ആരാധിക്കൂ എന്ന് തീരുമാനിക്കുന്ന ഒരാൾക്ക് ലഭിക്കുന്ന സമാധാനവും സ

ന്തോഷവും പറഞ്ഞറിയിക്കാൻ സാധിക്കാത്തതാണ്. ഇസ്‌ലാം ലോകത്തിന് മുന്നിൽ വെക്കുന്ന പരമപ്രധാനമായ കാര്യമാണ് ആരാധന ലോകത്തിന്റെ രക്ഷിതാവിനോട് മാത്രമെ ആകാവൂ എന്നത്. ലോകത്ത് ഇന്ന് ആരാധിക്കപ്പെടുന്ന മുഴുവൻ സൃഷ്ടികൾക്കും പരിമിതികൾ ഉണ്ട്. ഏതെങ്കിലും രാജ്യം, കാലയളവ്, വിഭാഗം, ഭാഷ, ദേശം, വർഗം തുടങ്ങിയ ഘടങ്ങളോട് ബന്ധപ്പെട്ടിരിക്കുന്നു ലോകത്തെ മുഴുവൻ ആരാധനാവസ്തുക്കളും.

എന്നാൽ അല്ലാഹു ഈ പരിമിതികൾക്കെല്ലാം അപ്പുറത്താണ്. അവൻ ഏതെങ്കിലും കാലഘട്ടത്തിലെ ദൈവമല്ല. ലോകത്തിന്റെ ആരംഭം മുതൽ അവസാനം വരെ അവൻ ദൈവം തന്നെയാണ്. അവനെ ആരാധിക്കാൻ ദേശ, ഭാഷ, വർഗ, വർണ വ്യത്യാസമില്ല. പ്രപഞ്ചത്തിലെ മുഴുവൻ സൃഷ്ടികളുടെയും ആരാധ്യനാണവൻ. എത്ര വിശാലമായ കാഴ്ചപ്പാട്! മനുഷ്യന്റെ ആരാധ്യൻ ഒന്നാകുമ്പോൾ അവിടെ ഉച്ചനീചത്വങ്ങൾക്ക് സ്ഥാനമില്ലാതാകുന്നു. വർഗ, വർണ, ഭാഷ, ദേശ വ്യത്യാസമില്ലാതെ മാനവികതയുടെ ഉദ്ഘോഷണം കൂടിയാണ് ഇസ്‌ലാം ഇതിലൂടെ മുന്നോട്ട് വെക്കുന്നത്. ക്വുർആൻ പറയുന്നു:

"അല്ലാഹു  അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റെതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾകൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ" (ക്വുർആൻ  2:255).

ലോകത്തിന് നന്മയുടെ സന്ദേശം പകർന്നുനൽകാനാണ് കാലാകാലങ്ങളിൽ ജനങ്ങളിൽ നിന്ന് തന്നെ ദൈവദൂതന്മാരെ തെരഞ്ഞെടുത്ത് അല്ലാഹു നിയോഗിച്ചത്. അവർ അവരുടെ ജനങ്ങളോട് നന്മ ഉപദേശിക്കുകയും തിന്മ വിരോധിക്കുകയും ചെയ്തു. അവസാനത്തെ പ്രവാചകൻ മുഹമ്മദ്ﷺ ഈ സന്ദേശം ലോകാവസാനം വരെയുള്ളവർക്ക് മാതൃകയായി കടന്നുവന്നു. ഒരു ഉത്തമ സമൂഹത്തെ വാർത്തെടുക്കുന്ന കടമകൂടി അദ്ദേഹം നിർവഹിച്ചു. അപരിഷ്‌കൃതരായ ഒരു സമൂഹം ലോകം മാതൃകാ സമൂഹം എന്ന് സർട്ടിഫിക്കറ്റ് നൽകാൻ മാത്രം നന്മയുടെ കേദാരമായി മാറിയതിന്റെ അടിസ്ഥാനം അവരുടെ ദൈവ വിശ്വാസവും ദൈവിക സന്ദേശത്തിന്റെ വെളിച്ചത്തിൽ ചിട്ടപ്പെടുത്തിയ ജീവിതവും ആയിരുന്നു.

സുപ്രധാനമായ ആരാധനയിലെ ഏകത്വത്തോടൊപ്പം എടുത്ത് പറഞ്ഞ വലിയ നന്മയാണ് മാതാപിതാക്കളെ പരിപാലിക്കുക എന്നത്. അല്ലാഹു പറയുന്നു:

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ട് പേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ഛെ! എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക"(ക്വുർആൻ 17:23).

ഇന്ന് ലോകം നേരിടുന്ന വലിയയൊരു പ്രതിസന്ധിയാണ് വയോജനങ്ങളുടെ പുനരധിവാസം. പ്രായമായ മാതാപിതാക്കൾ മക്കൾക്ക് ഭരമാകുന്നു; രാജ്യത്തിനും! അവരുടെ ചോരയും നീരും വറ്റിയിരിക്കുന്നു. തൊലി ചുളിഞ്ഞു സൗന്ദര്യം പാടെ നഷ്ടമായിരിക്കുന്നു. കുടുംബം, സമൂഹം, രാഷ്ട്രം തുടങ്ങിയ ഘടകങ്ങളിൽ അവർക്ക് ക്രിയാത്മകമായ ഒന്നും ചെയ്യാനില്ല. അവർക്ക് വേണ്ടി ഓൾഡ് എയ്ജ് ഹോം എന്ന പേരിൽ തടവറകൾ തീർക്കുകയാണ് പല മക്കളും. ഇവിടെയാണ് തന്റെ ജീവിതത്തിലെ നിർബന്ധ ബാധ്യതയായി മാതാപിതാക്കളുടെ പരിചരണം ഇസ്‌ലാം നിഷ്‌കർശിക്കുന്നത്. മാതാപിതാക്കളെ പരിചരിക്കലാണ് നീതിക്ക് വേണ്ടിയുള്ള യുദ്ധത്തെക്കാൾ വലുതെന്ന പ്രവാചക അധ്യാപനങ്ങൾ കൂട്ടി വായിക്കുമ്പോൾ മങ്ങിയ മനസ്സുകൾക്ക് ഇസ്‌ലാം നൽകുന്ന വെളിച്ചം എത്രമാത്രമാണെന്ന് ബോധ്യമാകും. ജീവിതകാലം മുഴുവൻ തങ്ങളുടെ മക്കൾക്ക് വേണ്ടി നീക്കിവെച്ച മാതാപിതാക്കൾ വാർധക്യത്തിൽ അവഗണിക്കപ്പെടുന്നത് അനീതിയാണ് തിന്മയാണ് എന്ന് ഏതൊരു മനസ്സും പറയും.

മക്കളുടെ കാര്യത്തിലും ഇസ്‌ലാം കൃത്യമായ നിർദേശങ്ങൾ ലോകത്തിന് കൈമാറുന്നുണ്ട്. അല്ലാഹു  പറയുന്നു:

"മാതാക്കൾ തങ്ങളുടെ സന്താനങ്ങൾക്ക് പൂർണമായ രണ്ടുകൊല്ലം മുലകൊടുക്കേണ്ടതാണ്. (കുട്ടിയുടെ) മുലകുടി പൂർണമാക്കണം എന്ന് ഉദ്ദേശിക്കുന്നവർക്കത്രെ ഇത്. അവർക്ക് (മുലകൊടുക്കുന്ന മാതാക്കൾക്ക്) മര്യാദയനുസരിച്ച് ഭക്ഷണവും വസ്ത്രവും നൽകേണ്ടത് കുട്ടിയുടെ പിതാവിന്റെ ബാധ്യതയാകുന്നു. എന്നാൽ ഒരാളെയും അയാളുടെ കഴിവിലുപരി നൽകാൻ നിർബന്ധിക്കരുത്. ഒരു മാതാവും തന്റെ കുട്ടിയുടെ പേരിൽ ദ്രോഹിക്കപ്പെടാൻ ഇടയാകരുത്. അതുപോലെതന്നെ സ്വന്തം കുട്ടിയുടെ പേരിൽ ഒരു പിതാവിന്നും ദ്രോഹം നേരിടരുത്. (പിതാവിന്റെ അഭാവത്തിൽ അയാളുടെ) അവകാശികൾക്കും (കുട്ടിയുടെ കാ

ര്യത്തിൽ) അതു പോലെയുള്ള ബാധ്യതകളുണ്ട്. ഇനി അവർ ഇരുവരും തമ്മിൽ കൂടിയാലോചിച്ച് തൃപ്തിപ്പെട്ടുകൊണ്ട് (കുട്ടിയുടെ) മുലകുടി നിർത്താൻ ഉദ്ദേശിക്കുകയാണെങ്കിൽ അവർ ഇരുവർക്കും കുറ്റമില്ല; ഇനി നിങ്ങളുടെ കുട്ടികൾക്ക് (മറ്റാരെക്കൊണ്ടെങ്കിലും) മുലകൊടുപ്പിക്കാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ അതിലും നിങ്ങൾക്ക് കുറ്റമില്ല; (ആ പോറ്റമ്മമാർക്ക്) നിങ്ങൾ നൽകേണ്ടത് മര്യാദയനുസരിച്ച് കൊടുത്തുതീർക്കുകയാണെങ്കിൽ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കണ്ടറിയുന്നുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്യുക" (ക്വുർആൻ 2:233).

പലരും ഇതിൽ പരാജിതരാണ് എന്നതല്ലേ യാഥാർഥ്യം? ജോലിയും സമ്പാദിക്കാനുള്ള തിടുക്കവും മാതാപിതാക്കളെ മറക്കാൻ കാരണമാകുന്നുവെങ്കിൽ പുനർവിചിന്തനം നടത്തണം. നാളെ തനിക്കും ഈ ദുരവസ്ഥ വരും എന്നോർക്കണം.

ഡേ കെയറുകൾ ഇന്ന് വ്യാപകമാണ്; ഓൾഡ്ഹെയ്ജ് ഹോമുകളും. ഇവ പരസ്പര പൂരകങ്ങളാണ്. മാതാപിതാക്കൾ മക്കൾക്ക് ചെയ്യേണ്ട കടമകൾ ചെയ്യാതാകുമ്പോൾ മക്കളും അവരുടെ കടമകൾ മറക്കുന്നു. ജോലിത്തിരക്കും മറ്റും പറഞ്ഞു കുട്ടികളുടെ അവകാശങ്ങൾ നിഷേധിക്കുകയും അവർക്ക് വേണ്ട പരിചരണങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്നത് ഇന്ന് വ്യാപകമാണ്. കുട്ടികളെ പരിചരിക്കുന്നവരെ മാതാപിതാക്കളെ പോലെ സ്നേഹിക്കുകയും മാതാപിതാക്കളെ പരിചാരകരായി മാത്രം കാണുകയും ചെയ്യുന്ന സാഹചര്യം നാം തന്നെ ഉണ്ടാക്കുന്നതാണ്.

രണ്ട് വിഭാഗവും കടമകൾ നിർവഹിക്കുക എന്നത് മാത്രമാണ് പരിഹാരം എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. സമൂഹത്തിലെ ഓരോ കണ്ണിയും തങ്ങളുടെ ബാധ്യതാനിർവഹണം കൃത്യമായി ചെയ്യുമ്പോൾ മാത്രമാണ് സന്തുലിത സമൂഹം രൂപം കൊള്ളുന്നത്. മറിച്ചാണെങ്കിൽ അസന്തുലിതാവസ്ഥ സമൂഹത്തെ തകർച്ചയിലേക്ക് നയിക്കും. ഇന്നിന്റെ സാഹചര്യത്തിൽ കാര്യങ്ങൾ വിശകലനം ചെയ്യുമ്പോൾ ഇസ്‌ലാമിക കാഴ്ചപ്പാടുകൾ എത്ര മനോഹരമാണ് എന്ന് നമുക്ക് ബോധ്യമാകും.

കുടുംബ ശൈഥില്യം ഇന്ന് വലിയ സാമൂഹിക പ്രശ്നമാണ്. കുത്തഴിഞ്ഞ ജീവിതക്രമം അതിന് കാരണമാണ്. എന്നാൽ അതിനപ്പുറം കഥകളും സിനിമകളും നോവലുകളും തീർത്ത ഫാന്റസികൾക്ക് പുറകിൽ പോകുന്നു എന്നതാണ്. സാങ്കൽപിക ലോകത്ത് നിന്നും യാഥാർഥ്യങ്ങളിലേക്ക് തിരിച്ചു നടക്കുക എന്നതാണ് ഇതിനുള്ള പരിഹാരം. ഇവിടെ ഇസ്‌ലാമിക അധ്യാപനം പ്രസക്തമാണ്.

"നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (ക്വുർആൻ 30:21).

തികച്ചും വ്യത്യസ്തരായ, അപരിചിതരായ രണ്ടുപേർ ഒരുമിച്ചു ജീവിക്കാൻ തുടങ്ങുന്നു എന്നതാണ് വിവാഹജീവിതത്തിന്റെ പ്രത്യേകത. അത് സമാധാനത്തിന്റെ കൂടിച്ചേരൽ ആവണം. സ്നേഹവും കാരുണ്യവും ജീവിതത്തെ പരിപോഷിപ്പിക്കാൻ അത്യന്താപേക്ഷിതമാണ്. രണ്ടുപേരും മനുഷ്യരാണ് എന്ന തിരിച്ചറിവ് കൂടിയാകുമ്പോൾ ജീവിതം സന്തോഷകരമാവും.

"അവർ നിങ്ങൾക്കൊരു വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും ഒരു വസ്ത്രമാകുന്നു..."(ക്വുർആൻ 2:187).

ഇവിടെ ഇണകളെ വസ്ത്രം എന്നു വിശേഷിപ്പിച്ചത് ചിന്തനീയമാണ്. വസ്ത്രം നമ്മുടെ ന്യൂനതകൾ മറച്ചുവെക്കാനും അഭിമാനം സംരക്ഷിക്കാനും ഭംഗിക്കും വേണ്ടിയാണെല്ലോ. ഇണകളുടെ ന്യൂനതകൾ പരസ്പരം മറച്ച് മുന്നോട്ട് പോകുമ്പോൾ മാത്രമാണ് വൈവാഹിക ജീവിതം അർഥപൂർണമാകുന്നത്. ഈ തിരിച്ചറിവ് നഷ്ടപ്പെടുന്നതാണ് കുടുംബ ശൈഥില്യങ്ങൾക്ക് അടിസ്ഥാനവും.

മദ്യവും മയക്കുമരുന്നും കുത്തഴിഞ്ഞ ലൈംഗികതയും സാമ്പത്തിക കുറ്റകൃത്യങ്ങളും ഇന്നിന്റെ ശാപമാണ്. അല്ലാഹു പറയുന്നു:


"സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നംവെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം" (ക്വുർആൻ 5:90).

മദ്യം തിന്മകളുടെ മാതാവാണ് എന്ന പ്രവാചകമൊഴി ശ്രദ്ധേയമാണ്. മദ്യവും മയക്കുമരുന്നുകളും തീർക്കുന്ന കുറ്റകൃത്യങ്ങൾ കണക്കില്ലാത്തതാണ്. അതിലേക്കുള്ള വാതിലുകൾ കൊട്ടിയടക്കുകയാണ് ഇസ്‌ലാം.

നന്മകളുടെ അധ്യാപനങ്ങൾ മാത്രമാണ് ഇസ്‌ലാം ലോകത്തിന് കൈമാറുന്നത്. ക്വുർആൻ പറയുന്നു: "പശ്ചാത്തപിക്കുന്നവർ, ആരാധനയിൽ ഏർപെടുന്നവർ, സ്തുതികീർത്തനം ചെയ്യുന്നവർ, (അല്ലാഹുവിന്റെ മാർഗത്തിൽ) സഞ്ചരിക്കുന്നവർ, കുമ്പിടുകയും സാഷ്ടാംഗം നടത്തുകയും ചെയ്യുന്നവർ, സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്നവർ, അല്ലാഹുവിന്റെ അതിർവരമ്പുകളെ കാത്തുസൂക്ഷിക്കുന്നവർ. (ഇങ്ങനെയുള്ള) സത്യവിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കുക" (ക്വുർആൻ 9:112).

“(നബിയേ,) പറയുക: നിങ്ങൾ വരൂ! നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്ക് ഞാൻ പറഞ്ഞുകേൾപിക്കാം. അവനോട് യാതൊന്നിനെയും നിങ്ങൾ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നന്മചെയ്യണം. ദാരിദ്ര്യം കാരണമായി സ്വന്തം മക്കളെ നിങ്ങൾ കൊന്നുകളയരുത്. നാമാണ് നിങ്ങൾക്കും അവർക്കും ആഹാരം തരുന്നത്. പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളെ നിങ്ങൾ സമീപിച്ചുപോകരുത്. അല്ലാഹു പരിപാവനമാക്കിയ ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിച്ചുകളയരുത്. നിങ്ങൾ ചിന്തിച്ചുമനസ്സിലാക്കുവാൻ വേണ്ടി അവൻ (അല്ലാഹു) നിങ്ങൾക്ക് നൽകിയ ഉപദേശമാണത്” (ക്വുർആൻ 6:151).

സഹജീവികളെ സ്നേഹിക്കുന്ന, പരസ്പരം ഉൾക്കൊള്ളാൻ കഴിയുന്ന ഒരു മാതൃകാ സമൂഹ സൃഷ്ടി സാധ്യമാണെന്ന് പ്രവാചക ജീവിതം ലോകത്തോട് വിളിച്ചുപറയുന്നു. തിന്മയും അനീതിയും ഉച്ചനീചത്വങ്ങളും ചൂഷണവും കൊലപാതകവും അക്രമവും ഒന്നും ഇല്ലാത്ത, സമാധാനം നിലനിൽക്കുന്ന സമൂഹം. ഇസ്‌ലാമിക അധ്യാപനങ്ങൾ ശിരസ്സാവഹിക്കുന്നതോടെ ഓരോ വ്യക്തിക്കും ആ സമാധാനം അനുഭവിക്കാനും ആസ്വദിക്കാനും സാധിക്കും.



“വിശ്വസിച്ചവരുടെ രക്ഷാധികാരിയാകുന്നു അല്ലാഹു. അവൻ അവരെ ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു. എന്നാൽ സത്യനിഷേധികളുടെ രക്ഷാധികാരികൾ ദുർമൂർത്തികളാകുന്നു. വെളിച്ചത്തിൽ നിന്ന് ഇരുട്ടുകളിലേക്കാണ് ആ ദുർമൂർത്തികൾ അവരെ നയിക്കുന്നത്. അവരത്രെ നരകാവകാശികൾ. അവരതിൽ നിത്യവാസികളാകുന്നു” (ക്വുർആൻ 2:257).

ഇനി മരണത്തിന് ശേഷം എന്ത് എന്നതിനും ഇസ്‌ലാം നമുക്ക് കൃത്യമായ ഉത്തരം നൽകുന്നു.

“പിന്നീട് നിങ്ങളുടെ മരണത്തിന് ശേഷം നിങ്ങളെ നാം എഴുന്നേൽപിച്ചു. നിങ്ങൾ നന്ദിയുള്ളവരായിത്തീരാൻ വേണ്ടി.” (ക്വുർആൻ 2:56)

മരണാനന്തരം ഒരു ജീവിതം ഉണ്ടെന്നും അവിടെ നന്മതിന്മകൾക്ക് പ്രതിഫലം ഉണ്ടെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. അത് നൽകുന്ന ആത്മവിശ്വാസവും പ്രതീക്ഷയും ആണ് വിശ്വാസിയുടെ കരുത്ത്.

“ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമേ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല.” (ക്വുർആൻ 3:185)

ഈ ലോകത്ത് മുകളിൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന നന്മകൾ ചെയ്തവർക്ക് നാളെയുടെ ലോകത്ത് വിജയം കൈവരിക്കാൻ സാധിക്കും. അവർ ശാശ്വത സുഖസന്തോഷങ്ങളുടെ കേദാരമായ സ്വർഗാവകാശികളായി മാറും. ഈ ലോക ജീവിതത്തിൽ ഉണ്ടാകുന്ന പ്രതിസന്ധികൾ നൈമിഷികമാണ്. ഒരുവേള അവഗണിക്കപ്പെടേണ്ട കാര്യങ്ങൾ, അതിനപ്പുറം നാളെയുടെ ശാശ്വത ജീവിതത്തിലേക്കുള്ള വിഭവങ്ങൾ ഒരുക്കുകയാണ് ഒരു വിശ്വാസിയുടെ കടമ. അത് ബോധ്യപ്പെടുന്ന ഏതൊരാൾക്കും സമാധാനത്തോടെ ജീവിക്കാൻ സാധ്യമാകും. ശുഭപ്രതീക്ഷ മാത്രമായിരിക്കും അവരെ നയിക്കുക. നിരാശയോ അമിത പ്രതീക്ഷയോ അവനെ ഭരിക്കുകയില്ല. മറിച്ച് ഈ ലോക ജീവിതത്തിന്റെ നശ്വരതയും മരണാനന്തര ജീവിതത്തിന്റെ അനശ്വരതയും തീർത്ത പ്രകാശപൂരിത പാതയിൽ അവൻ ജീവിതം നയിക്കും. അത് ഈ ലോകത്തെ ഏറ്റവും സമാധാനമുള്ള മനുഷ്യനായി അവനെ മാറ്റുകയും ചെയ്യും. പ്രകൃതിമതമായ ഇസ്‌ലാമിനല്ലാതെ മറ്റൊന്നിന്നിനും ഈ പോസിറ്റീവ് എനർജിയോ കാഴ്ചപ്പാടോ ലോകത്തിന് കൈമാറാൻ സാധ്യമല്ല.

جامعة الهند الإسلامية
JAMIA AL HIND AL ISLAMIYA

جامعة الهند الإسلامية

JAMIA AL-HIND AL-ISLAMIYYA

ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

വാദി അൽ ഹിക്മ, മിനി ഊട്ടി, ഊരകം, മലപ്പുറം

## 2020-21 അധ്യയന വർഷത്തേക്ക് വിവിധ കോഴ്സുകളിലേക്കുള്ള അപേക്ഷ ക്ഷണിച്ചു

### തഹ്ഫീദുൽ ഖുർആൻ

2020 ജനുവരി 01ന് 11 വയസ്സ് കവിയാത്തവരും 2020-21 അധ്യയന വർഷത്തിൽ സ്കൂളിൽ 5,6 ക്ലാസുകളിൽ പഠിക്കുന്നവരുമായ ആൺകുട്ടികൾക്ക് മാത്രം പ്രവേശനം.

### മഅ്ഹദുല്ലുഗ

SSLC പാസായ ആൺകുട്ടികൾക്ക് മദീന ഇസ്‌ലാമിക്ക് യൂണിവേഴ്സിറ്റിയുടെ സിലബസിനോടൊപ്പം +1,+2 (NIOS) (കൊമേഴ്സ്, ഹ്യുമാനിറ്റീസ്) കൂടി ലഭ്യമാക്കുന്ന തരത്തിലുള്ള രണ്ട് വർഷത്തെ കോഴ്സ്.

### കുല്ലിയ ശരീഅ:

മഅ്ഹദ് / തത്തുല്യ യോഗ്യതയുള്ള ആൺകുട്ടികൾക്ക് ഹദീഥ്, അക്വീദ എന്നീ വിഷയങ്ങളിൽ പ്രാവീണ്യം നേടുന്നതോടൊപ്പം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് കൂടി ലഭ്യമാകാനുതകുന്ന പണ്ഡിത കോഴ്സ്.

### തഖസ്സുസ്

ശരീഅ: കോളേജ് / തത്തുല്യ പഠനം പൂർത്തിയാക്കിയവർക്ക് തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ സ്റ്റൈപ്പന്റോട് കൂടിയുള്ള റിസർച്ച് കോഴ്സ്.

### സ്കൂൾ ഓഫ് ഖുർആൻ

ജൂൺ ഒന്നിന് ആറര വയസ്സ് കവിയാത്ത സ്കൂളിൽ ഒന്നാം ക്ലാസിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് കേരളത്തിനകത്തും പുറത്തുമായി 23 കേന്ദ്രങ്ങളിൽ വെച്ച് നടത്തപ്പെടുന്ന സ്പെഷ്യൽ കോഴ്സ്.

### അത്തദാറുക്ക്

പ്രായഭേദമന്യേ ഏതൊരാൾക്കും മത വിജ്ഞാനം നേടാനുതകുന്ന രണ്ട് വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ്. വിദൂര വിദ്യാഭ്യാസ വിഭാഗത്തിന് കീഴിൽ കേരളത്തിലും പുറത്തുമായി 25 കേന്ദ്രങ്ങൾ.

### അത്തയ്സീർ

ക്വുർആൻ പഠനത്തിനായി റമദാനിൽ നടത്തപ്പെടുന്ന പ്രത്യേക പദ്ധതി. ജാമിഅ ക്യാമ്പസ് മസ്ജിദിലും കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലുമായി ക്ലാസുകൾ.

**രജിസ്ട്രേഷൻ ചെയ്യുന്നതിനായി സന്ദർശിക്കുക:**
**www.jamiaalhind.com, www.schoolofquran.in**

**ടെലഫോൺ: 0494 2951725, +91 9961725725**

| കൂടുതൽ വിവരങ്ങൾക്ക്: | |
|---|---|
| മഅ്ഹദു തഹ്ഫീദിൽ ക്വുർആൻ: | +91 8921867310 |
| കുല്ലിയ്യത്തു ശരീഅ: | +91 8606366661 |
| മഅ്ഹദു ലുഗ: | +91 9037235706 |
| തഖസ്സുസ്: | +91 8589917780 |
| സ്കൂൾ ഓഫ് ഖുർആൻ: | +91 8606788882 |
| അത്തദാറുക്: | +91 9400919085 |
| അത്തയ്സീർ: | +91 6282734388 |

Head Office: Jamia Al-Hind Al-Islamiyya | Wadi Al-Hikma | Mini Ootty | Oorakam
Malappuram | Kerala | India | PIN 676519 | www.jamiaalhind.com | www.schoolofquran.in

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# ഒരു 'കോവിഡ് 19' രോഗിയുടെ സങ്കടങ്ങൾ

ഭാര്യ, മക്കൾ വീട്ടിലുണ്ട്; ഉമ്മ, ബാപ്പ ഹയാത്തിലുണ്ട്
നേരിൽ ബന്ധമതുള്ള സ്വന്തക്കാര് പലരുണ്ട്-എന്നാൽ
ആരെയും കാണാതെ ഇവിടെ ഞാൻ കിടപ്പുണ്ട്

കോവിഡെന്നിൽ കുടിയിരിപ്പാ, ഐസോലേഷനിൽ ഞാൻ കിടപ്പാ,
ആവതില്ലാതിവിടെ ഞാനെൻ മൗത്ത് കാത്തിരിപ്പാ-തെല്ലും
ഈവിധത്തിൽ ആകുമെന്നത് ഓർത്തതില്ലുപ്പാ

പുറത്ത് പോകല്ലെന്ന വാക്ക്, കേട്ടിടാതുള്ളെന്റെ പോക്ക്
കുറച്ച് കച്ചറ ടീമുമൊത്തുള്ളെന്റെയൊരു കറക്ക്-ഇന്ന്
വിറച്ചു പനിച്ച് ഞാൻ കിടക്കാനുള്ളൊരു കുരുക്ക്

പൊന്നുമക്കളെ കണ്ടിടേണം, പ്രാണസഖിയെ നോക്കിടേണം
ഒന്നെനിക്കെൻ ഉമ്മബാപ്പമാരെ കണ്ടിടണം-പിന്നെ
ഒന്നു പുൽകിക്കൊണ്ട് തെറ്റിന് മാപ്പിരക്കേണം

ആശയെന്നുള്ളിൽ മരിച്ചു, വാശിയെല്ലാമസ്തമിച്ചു
നാശപാതയിൽ ഞാൻ നടന്നതിനാലെ വിഷമിച്ചു-ഇന്ന്
മോശമായൊരവസ്ഥയിലേക്കെന്നെയെത്തിച്ചു

ഒറ്റയാചനയുണ്ടെനിക്ക് നാട്ടുകാരോടായ്, ശ്രവിക്ക്
പറ്റുമെങ്കിൽ വീടുവിട്ടിറങ്ങാതെ ശ്രദ്ധിക്ക്-എങ്കിൽ
ഉറ്റവർക്കത് രക്ഷയാകും എന്നതുമോർക്ക്

നോട്ടമെന്റ റബ്ബിലേക്ക്, കാവലേകുന്നോനിലേക്ക്
തേട്ടമെല്ലാം കേട്ടിടും റബ്ബേ വിളികേൾക്ക് - എന്നെ
തൊട്ടുതീണ്ടിയ രോഗമിൽനിന്നെന്നെ നീ കാക്ക്.






Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8 (boys only )**

+91 9061716600
greenvalleyinstitutions@gmail.com

/greenvalleycampus

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 APRIL 18

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

wisdomyouth
wisdommediaschool

Break the Chain

“

# കോവിഡ് 19
## കരുതൽ; കാരുണ്യം

# വിസ്ഡം യൂത്ത്

## പ്രതിരോധം

- സൗജന്യ റേഷൻ
- സന്നദ്ധ സേവനം
- ഡോക്യുമെന്ററി
- ഹെൽത്ത് ടിപ്സ്
- വെബിനാർ
- ലൈവ് ടോക്ക്സ്
- വെർച്വൽ എക്സ്പോ

WISDOM YOUTH
സ്നേഹസ്പർശം
WISDOM Relief
.......without boundaries

WISDOM ISLAMIC YOUTH ORGANIZATION, C.V COMPLEX P.V SWAMI ROAD, KOZHIKODE